242

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യേക നിവൃത്തി ആക്ററ്, 1963

(1963-ലെ 47-ാം ആക്ററ്)

(1-1-1976-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രത്യേക നിവൃത്തി ആക്റ്റ്, 1963

(1963-ലെ 47-ാം ആക്റ്റ്)

(1-1-1976-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിന് വേണ്ടി കേരളാ ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

# പ്രത്യേക നിവൃത്തി ആക്റ്റ്, 1963

## വകുപ്പുകളുടെ വിന്യാസം

### ഭാഗം I

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.
2. നിർവ്വചനങ്ങൾ.
3. ഒഴിവാക്കലുകൾ.
4. പ്രത്യേക നിവൃത്തി വ്യക്തിപരമായ സിവിൽ അവകാശങ്ങൾ പ്രാവർത്തികമാക്കാൻവേണ്ടി മാത്രമല്ലാതെ ശിക്ഷാനിയമങ്ങൾ പ്രാവർത്തികമാക്കാൻവേണ്ടി നല്കാവുന്നതല്ലെന്ന്.

### ഭാഗം II

### പ്രത്യേക നിവൃത്തി

#### അദ്ധ്യായം I

#### വസ്തുവിന്റെ കൈവശം നേടിയെടുക്കൽ

5. വിനിർദ്ദിഷ്ട സ്ഥാവരവസ്തു വീണ്ടെടുക്കൽ.
6. സ്ഥാവര വസ്തുവിന്റെ കൈവശം ഇല്ലാതാക്കപ്പെട്ട ആളുടെ വ്യവഹാരം.
7. വിനിർദ്ദിഷ്ട ജംഗമവസ്തു നേടിയെടുക്കൽ.
8. തൽസമയത്തെ കൈവശത്തിന് അവകാശമുള്ള ആളുകൾക്ക്, ഡെലിവർ ചെയ്യാൻ ഉടമസ്ഥനെന്ന നിലയിലല്ലാതെ കൈവശമുള്ള ആൾക്കുള്ള ബാദ്ധ്യത.

#### അദ്ധ്യായം II

#### കാൺട്രാക്റ്റുകളുടെ വിനിർദ്ദിഷ്ട നിർവ്വഹണം

9. കാൺട്രാക്റ്റിന്റെ അടിസ്ഥാനത്തിൽ, നിവൃത്തിക്കുള്ള വ്യവഹാരങ്ങൾ സംബന്ധിച്ച പ്രതിവാദങ്ങൾ.

#### വിനിർദ്ദിഷ്ടമായവിധം പ്രാവർത്തികമാക്കാവുന്ന കാൺട്രാക്റ്റുകൾ

10. കാൺട്രാക്റ്റ് വിനിർദ്ദിഷ്ടമായവിധം നിർവ്വഹിപ്പിക്കാവുന്ന സംഗതികൾ.
11. ട്രസ്റ്റുകളോടു ബന്ധപ്പെട്ട കാൺട്രാക്റ്റുകൾ വിനിർദ്ദിഷ്ടമായവിധം നിർവ്വഹിപ്പിക്കാവുന്ന സംഗതികൾ.
12. കാൺട്രാക്റ്റിന്റെ ഒരു ഭാഗത്തിന്റെ വിനിർദ്ദിഷ്ടമായ നിർവ്വഹണം.
13. ഉടമാവകാശം ഇല്ലാത്ത ആൾക്കോ, അപൂർണ്ണമായ ഉടമാവകാശത്തോടുകൂടിയ ആൾക്കോ എതിരായി, ക്രേതാവിന്റേയോ പാട്ടത്തിനു (വാടകയ്ക്ക്) വാങ്ങുന്ന ആളുടേയോ അവകാശങ്ങൾ.

### വിനിർദ്ദിഷ്ടമായവിധം പ്രാവർത്തികമാക്കാൻ കഴിയാത്ത കാൺട്രാക്റ്റുകൾ

14. വിനിർദ്ദിഷ്ടമായവിധം പ്രാവർത്തികമാക്കാവുന്നതല്ലാത്ത കാൺട്രാക്റ്റുകൾ.
15. വിനിർദ്ദിഷ്ട നിർവ്വഹണം ആർക്കു നേടാമെന്ന്.
16. നിവൃത്തിക്ക് വ്യക്തിപരമായുള്ള തടസ്സങ്ങൾ.
17. ഉടമാവകാശമില്ലാത്ത ഒരാൾ വസ്തു വില്ക്കാനോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാനോ ചെയ്യുന്ന കാൺട്രാക്റ്റ് വിനിർദ്ദിഷ്ടമായവിധം പ്രാവർത്തികമാക്കാവുന്നതല്ലെന്ന്.
18. വ്യത്യാസപ്പെടുത്തലോടുകൂടിയല്ലാതെ പ്രാവർത്തികമാക്കാതിരിക്കൽ.
19. കക്ഷികൾക്കും, അവരുടെ കീഴിൽ പിന്നീടുള്ള ഉടമാവകാശംവഴി അവകാശപ്പെടുന്ന ആളുകൾക്കും എതിരായുള്ള നിവൃത്തി.

### കോടതിയുടെ വിവേകവും അധികാരങ്ങളും

20. വിനിർദ്ദിഷ്ട നിർവ്വഹണം വിധിക്കുന്നത് സംബന്ധിച്ചുള്ള വിവേകം.
21. ചില സംഗതികളിൽ നഷ്ടപരിഹാരം നല്കാൻ വിധിക്കാനുള്ള അധികാരം.
22. കൈവശത്തിനും, ഭാഗത്തിനും, നിരതദ്രവ്യം മടക്കിക്കിട്ടുന്നതിനും മററുമുള്ള നിവൃത്തികൾ അനുവദിക്കുന്നതിനുള്ള അധികാരം.
23. നഷ്ടത്തുക ക്ലിപ്തപ്പെടുത്തുന്നത് വിനിർദ്ദിഷ്ട നിർവ്വഹണത്തിന് തടസ്സമല്ലെന്ന്.
24 വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വ്യവഹാരം തള്ളിക്കളഞ്ഞതിനു ശേഷം, ലംഘനത്തിനുള്ള നഷ്ടപരിഹാരത്തിന് വ്യവഹാര തടസ്സം.
25. മുൻവകുപ്പുകൾ ചില അവാർഡുകൾക്കും ധനനിശ്ചയങ്ങൾ നടപ്പാക്കാനുള്ള മരണപത്ര നിദേശങ്ങൾക്കും ബാധകമാകുന്നത്.

## അദ്ധ്യായം III

### പ്രമാണങ്ങൾ തിരുത്തൽ

26. പ്രമാണം എപ്പോൾ തിരുത്താമെന്ന്.

## അദ്ധ്യായം IV

### കാൺട്രാക്റ്റുകൾ റദ്ദാക്കൽ

27. റദ്ദാക്കൽ എപ്പോൾ വിധിക്കുകയോ നിരസിക്കുകയോ ചെയ്യാമെന്ന്.
28. വിനിർദ്ദിഷ്ട നിർവ്വഹണം വിധിക്കപ്പെട്ടിട്ടുള്ളതും സ്ഥാവര വസ്തു വില്ക്കുന്നതിനോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കുന്നതിനോ ഉള്ളതുമായ കാൺട്രാക്റ്റുകൾ ചില പരിതഃസ്ഥിതികളിൽ റദ്ദാക്കുന്നത്.
29. വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വ്യവഹാരത്തിൽ റദ്ദാക്കലിനുള്ള പക്ഷാന്തര പ്രാർത്ഥന.
30. നീതി ചെയ്യാൻ റദ്ദാക്കുന്നത് കക്ഷികളോട് കോടതിക്ക് ആവശ്യപ്പെടാമെന്ന്.

## അദ്ധ്യായം V

### പ്രമാണങ്ങൾ റദ്ദു ചെയ്യൽ

31. റദ്ദു ചെയ്യാൻ എപ്പോൾ ഉത്തരവാകാമെന്ന്.
32. ഏത് പ്രമാണങ്ങൾ ഭാഗികമായി റദ്ദു ചെയ്യാമെന്ന്.
33. പ്രമാണം റദ്ദു ചെയ്യപ്പെടുകയോ ശൂന്യമോ ശൂന്യമാക്കാവുന്നതോ ആണെന്ന നിലയിൽ വിജയകരമായി എതിർക്കപ്പെടുകയോ ചെയ്യുമ്പോൾ ഗുണം തിരിയെ കൊടുക്കുവാനോ നഷ്ടപരിഹാരം കൊടുക്കുവാനോ ആവശ്യപ്പെടാനുള്ള അധികാരം.

## അദ്ധ്യായം VI

### സ്ഥാപനാത്മക വിധികൾ

34. പദവിയുടേയോ അവകാശത്തിന്റെയോ സ്ഥാപന സംബന്ധിച്ചുള്ള കോടതിയുടെ സ്വവിവേകം.
35. സ്ഥാപനയുടെ പ്രഭാവം.

## ഭാഗം III

## നിവാരക നിവൃത്തി

## അദ്ധ്യായം VII

### ഇൻജങ്ഷൻ സാമാന്യമായി

36. നിവാരക നിവൃത്തി നല്കുന്നത് എങ്ങനെയെന്ന്.
37. താൽക്കാലികവും ശാശ്വതവുമായ ഇൻജങ്ഷനുകൾ.

## അദ്ധ്യായം VIII

### ശാശ്വത ഇൻജങ്ഷൻ

38. ശാശ്വത ഇൻജങ്ഷൻ എപ്പോൾ നല്കാമെന്ന്.
39. ആജ്ഞാപക ഇൻജങ്ഷൻ.
40. ഇൻജങ്ഷനു പകരമോ, പുറമേയോ ഉള്ള നഷ്ടപരിഹാരം.
41. ഇൻജങ്ഷൻ എപ്പോൾ നിരസിക്കപ്പെടുന്നുവെന്ന്.
42. നിഷേധാത്മകമായ കരാർ നിർവ്വഹിക്കുന്നതിനുള്ള ഇൻജങ്ഷൻ.
43. 1940-ലെ 10-ാം നമ്പർ ആക്ടിനുള്ള ഭേദഗതി.
44. റദ്ദാക്കൽ.

# പ്രത്യേക നിവൃത്തി ആക്ട്, 1963

(1963-ലെ 47-ാം ആക്ട്)

## ചിലതരം പ്രത്യേക നിവൃത്തികൾ സംബന്ധിച്ച നിയമം നിർവ്വചിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള ആക്ട്

[1963 ഡിസംബർ, 13]

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ പതിന്നാലാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## ഭാഗം I

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്ടിന് പ്രത്യേക നിവൃത്തി ആക്ട്, 1963 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത്, ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "കടപ്പാടി"ൽ നിയമത്താൽ നടപ്പാക്കപ്പെടാവുന്ന ഏതൊരു കർത്തവ്യവും ഉൾപ്പെടുന്നു;

(ഖ) "ധനനിശ്ചയം" എന്നാൽ ജംഗമമോ സ്ഥാവരമോ ആയ വസ്തുവിന്റെ, ക്രമാനുഗതമായ അവകാശബന്ധങ്ങളുടെ ലക്ഷ്യസ്ഥാനത്തെയോ സംക്രമണത്തെയോ പററി നിശ്ചയം ചെയ്യുകയോ, നിശ്ചയം ചെയ്യാൻ കരാർ ചെയ്യുകയോ ചെയ്യുന്ന, ഇൻഡ്യൻ പിന്തുടർച്ച ആക്ട്, 1925 (1925-ലെ 39)-ൽ നിർവ്വചിച്ചിട്ടുള്ള മരണപത്രമോ, കോഡിസിലോ അല്ലാത്ത പ്രമാണം എന്നർത്ഥമാകുന്നു;

(ഗ) "ട്രസ്ററി"ന് ഇൻഡ്യൻ ട്രസ്ററ് ആക്ട്, 1882 (1882-ലെ 2), 3-ാം വകുപ്പിലെ അതേ അർത്ഥം ഉണ്ടായിരിക്കുന്നതും, അതിൽ ആ ആക്ററ് IX-ാം അദ്ധ്യായത്തിലെ അർത്ഥത്തിൽ ട്രസ്ററിന്റെ പ്രകൃതമുള്ള കടപ്പാട് ഉൾപ്പെടുന്നതും ആകുന്നു;

(ഘ) "ട്രസ്ററി"യിൽ വസ്തു ട്രസ്ററായി വച്ചുകൊള്ളുന്ന ഏതൊരാളും ഉൾപ്പെടുന്നു;

(ങ) ഇതിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും ഇൻഡ്യൻ കാൺട്രാക്ററ് ആക്ട്, 1872 (1872-ലെ 9)-ൽ നിർവ്വചിക്കുകയും ചെയ്തിട്ടുള്ള മറെറല്ലാ വാക്കുകൾക്കും പദങ്ങൾക്കും ആ ആക്ടിൽ അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. ഒഴിവാക്കലുകൾ.—ഇതിൽ മററുപ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമല്ലാതെ ഈ ആക്ററിലെ യാതൊന്നും—

(ക) ഏതെങ്കിലും ആൾക്ക്, ഏതെങ്കിലും കാൺട്രാക്ററിൻ കീഴിൽ ഉണ്ടായിരിക്കാവുന്ന പ്രത്യേക നിർവ്വഹണമല്ലാത്ത ഏതെങ്കിലും നിവൃത്തിക്കുള്ള അവകാശം അയാൾക്ക് ഇല്ലാതാക്കുന്നതായോ;

(ഖ) ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററ്, 1908-ൻെറ (1908-ലെ 16) പ്രമാണങ്ങളിൻമേലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതായോ കരുതപ്പെടുന്നതല്ല.

4. പ്രത്യേക നിവൃത്തി വ്യക്തിപരമായ സിവിൽ അവകാശങ്ങൾ പ്രാവർത്തികമാക്കാൻവേണ്ടി മാത്രമല്ലാതെ ശിക്ഷാ നിയമങ്ങൾ പ്രാവർത്തികമാക്കാൻവേണ്ടി നല്കാവുന്നതല്ലെന്ന്.—പ്രത്യേക നിവൃത്തി വ്യക്തിപരമായ സിവിൽ അവകാശങ്ങൾ പ്രാവർത്തികമാക്കാനുള്ള ആവശ്യത്തിനു മാത്രമേ നല്കാവൂ; വെറും ശിക്ഷാ നിയമങ്ങൾ പ്രാവർത്തികമാക്കാനുള്ള ആവശ്യത്തിന് നല്കാവുന്നതല്ല.

## ഭാഗം II

## പ്രത്യേക നിവൃത്തി

### അദ്ധ്യായം I

### വസ്തുവിൻെറ കൈവശം വീണ്ടെടുക്കൽ

5. വിനിർദ്ദിഷ്ട സ്ഥാവരവസ്തു വീണ്ടെടുക്കൽ.—വിനിർദ്ദിഷ്ട സ്ഥാവരവസ്തുവിൻെറ കൈവശത്തിന് അവകാശമുള്ള ആൾക്ക്, അത് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ വീണ്ടെടുക്കാവുന്നതാണ്.

6. സ്ഥാവരവസ്തുവിൻെറ കൈവശമില്ലാതാക്കപ്പെട്ട ആളുടെ വ്യവഹാരം.—(1) മുറപ്രകാരമുള്ള നിയമമാർഗ്ഗത്തിലൂടെയല്ലാതെ ഏതെങ്കിലും ആൾ, അയാളുടെ സമ്മതംകൂടാതെ, സ്ഥാവരവസ്തുവിൻെറ കൈവശമില്ലാതാക്കപ്പെടുന്നുവെങ്കിൽ അയാൾക്കോ, അയാളിലൂടെ അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കോ, അതിൻെറ കൈവശം വ്യവഹാരംവഴി അങ്ങനെയുള്ള വ്യവഹാരത്തിൽ മറേറതെങ്കിലും ഉടമാവകാശം ഉന്നയിച്ചേക്കാമെന്നിരുന്നാലും, വീണ്ടെടുക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിലുള്ള യാതൊരു വ്യവഹാരവും—

(ക) കൈവശമില്ലാതാക്കപ്പെട്ട തീയതി മുതൽ ആറു മാസം അവസാനിച്ചതിനുശേഷമോ, അല്ലെങ്കിൽ

(ഖ) ഗവൺമെൻറിനെതിരായോ,

കൊണ്ടുവരാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിൻകീഴിൽ ബോധിപ്പിക്കുന്ന ഏതെങ്കിലും വ്യവഹാരത്തിൽ പാസ്സാക്കപ്പെട്ട ഏതെങ്കിലും ഉത്തരവിൽനിന്നോ, വിധിയിൽനിന്നോ അപ്പീലുണ്ടായിരിക്കുന്നതല്ല, അങ്ങനെയുള്ള ഉത്തരവിൽനിന്നോ വിധിയിൽനിന്നോ റെവ്യൂ അനുവദിക്കുന്നതുമല്ല.

(4) ഈ വകുപ്പിലെ യാതൊന്നും, ഏതെങ്കിലും ആളെ, അങ്ങനെയുള്ള വസ്തുവിന് തനിക്കുള്ള ഉടമാവകാശം സ്ഥാപിക്കുകയും അതിന്റെ കൈവശം നേടിയെടുക്കുകയും ചെയ്യാൻ വ്യവഹാരപ്പെടുന്നതിൽനിന്ന് തടയുന്നതല്ല.

7. വിനിർദ്ദിഷ്ട ജംഗമവസ്തു നേടിയെടുക്കൽ. — വിനിർദ്ദിഷ്ട ജംഗമവസ്തുവിന്റെ കൈവശത്തിന് അവകാശമുള്ള ആൾക്ക് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അത് നേടിയെടുക്കാവുന്നതാണ്.

വിശദീകരണം.—1. ഒരു ട്രസ്റ്റിക്ക്, ഏത് ജംഗമവസ്തുവിന്റെ ഗുണാനുഭവാവകാശത്തിനാണോ താൻ ആർക്കുവേണ്ടി ട്രസ്റ്റിയായിരിക്കുന്നുവോ അയാൾക്ക് അവകാശമുള്ളത്, ആ ജംഗമവസ്തുവിന്റെ കൈവശത്തിന്, ഈ വകുപ്പിൻകീഴിൽ വ്യവഹാരപ്പെടാവുന്നതാണ്.

വിശദീകരണം. — 2. ജംഗമവസ്തു വർത്തമാനകാലത്ത് കൈവശം വയ്ക്കാനുള്ള പ്രത്യേകമോ താൽക്കാലികമോ ആയ അവകാശം, ഈ വകുപ്പിൻ കീഴിലുള്ള ഒരു വ്യവഹാരത്തെ നിലനിറുത്തുന്നതിന് മതിയാകുന്നതാണ്.

8 തൽസമയത്തെ കൈവശത്തിന് അവകാശമുള്ള ആളുകൾക്ക്, ഡെലിവർ ചെയ്യാൻ ഉടമസ്ഥനെന്ന നിലയിലല്ലാതെ കൈവശമുള്ള ആൾക്കുള്ള ബാദ്ധ്യത.—ജംഗമവസ്തുവായ ഒരു പ്രത്യേക സാധനത്തിന്റെ കൈവശമോ നിയന്ത്രണമോ ഉണ്ടായിരിക്കുകയും അതിന്റെ ഉടമസ്ഥനല്ലാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളെ, അതിന്റെ തൽസമയത്തെ കൈവശത്തിന് അവകാശമുള്ള ആൾക്ക്, അത് അങ്ങനെതന്നെ ഡെലിവർ ചെയ്യാൻ താഴെപ്പറയുന്ന സംഗതികളിൽ ഏതിലെങ്കിലും നിർബന്ധിക്കാവുന്നതാണ് :—

(ക) അവകാശപ്പെടുന്ന സാധനം വാദിയുടെ ഏജന്റായോ, ട്രസ്റ്റിയായോ പ്രതി വച്ചുകൊള്ളുമ്പോൾ;

(ഖ) പണമായിട്ടുള്ള നഷ്ടപരിഹാരം അവകാശപ്പെടുന്ന സാധനത്തിന്റെ നഷ്ടത്തിന് പര്യാപ്തമായ നിവൃത്തി വാദിക്ക് നല്കാതിരിക്കുമ്പോൾ;

(ഗ) അത് നഷ്ടപ്പെട്ടതുകൊണ്ട് ഉണ്ടായിട്ടുള്ള യഥാർത്ഥ നാശനഷ്ടം തിട്ടപ്പെടുത്താൻ അത്യന്തം പ്രയാസമുള്ളതായിരിക്കുമ്പോൾ;

(ഘ) അവകാശപ്പെടുന്ന സാധനത്തിന്റെ കൈവശം, വാദിയിൽനിന്ന് അന്യായമായി മാററിയിട്ടുള്ളപ്പോൾ;

വിശദീകരണം.—വിപരീതമായി തെളിയിക്കാത്തപക്ഷവും, തെളിയിക്കുന്നതുവരെയും, ഈ വകുപ്പിലെ (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ജംഗമവസ്തു സംബന്ധിച്ച്, കോടതി, അതതു സംഗതിപോലെ

(ക) പണമായിട്ടുള്ള നഷ്ടപരിഹാരം അവകാശപ്പെടുന്ന സാധനത്തിന്റെ നഷ്ടത്തിന് പര്യാപ്തമായ നിവൃത്തിവാദിക്ക് നല്കുകയില്ലെന്നോ, അല്ലെങ്കിൽ

(ഖ) അത് നഷ്ടപ്പെട്ടുപോയതുകൊണ്ട് ഉണ്ടായിട്ടുള്ള യഥാർത്ഥ നാശനഷ്ടം തിട്ടപ്പെടുത്താൻ അത്യന്തം പ്രയാസമായിരിക്കുമെന്നോ,

അനുമാനിക്കേണ്ടതാകുന്നു.

## അദ്ധ്യായം II

## കാൺട്രാക്റ്റുകളുടെ വിനിർദ്ദിഷ്ട നിർവ്വഹണം

9. കാൺട്രാക്റ്റിന്റെ അടിസ്ഥാനത്തിൽ, നിവൃത്തിക്കുള്ള വ്യവഹാരങ്ങൾ സംബന്ധിച്ച പ്രതിവാദങ്ങൾ.—ഇതിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ഒരു കാൺട്രാക്റ്റ് സംബന്ധിച്ച് ഈ അദ്ധ്യായത്തിൻ കീഴിൽ ഏതെങ്കിലും നിവൃത്തി അവകാശപ്പെടുന്നിടത്ത്, ആർക്കെതിരായാണോ നിവൃത്തി അവകാശപ്പെടുന്നത്, അയാൾക്ക് പ്രതിവാദമെന്ന നിലയിൽ കാൺട്രാക്റ്റുകൾ സംബന്ധിച്ച ഏതെങ്കിലും നിയമത്തിൻ കീഴിൽ അയാൾക്കുണ്ടായിരിക്കുന്ന ഏതു കാരണവും ഉന്നയിക്കാവുന്നതാണ്.

### വിനിർദ്ദിഷ്ടമായവിധം പ്രാവർത്തികമാക്കാവുന്ന കാൺട്രാക്റ്റുകൾ

10. കാൺട്രാക്റ്റ് വിനിർദ്ദിഷ്ടമായവിധം നിർവ്വഹിപ്പിക്കാവുന്ന സംഗതികൾ.—ഈ അദ്ധ്യായത്തിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം കോടതിയ്ക്ക് സ്വവിവേകമുപയോഗിച്ച് ഏതെങ്കിലും കാൺട്രാക്റ്റ്—

(ക) ചെയ്യാമെന്ന് കരാർ ചെയ്ത കൃത്യം നിർവ്വഹിക്കാതിരിക്കുന്നതുകൊണ്ടുണ്ടാകുന്ന യഥാർത്ഥ നാശനഷ്ടം തിട്ടപ്പെടുത്തുവാൻ യാതൊരു മാനദണ്ഡവും ഇല്ലാത്തപ്പോഴോ; അല്ലെങ്കിൽ

(ഖ) ചെയ്യാമെന്ന് കരാർ ചെയ്ത കൃത്യം നിർവ്വഹിക്കാതിരിക്കുന്നതിന് പണമായിട്ടുള്ള നഷ്ടപരിഹാരം പര്യാപ്തമായ നിവൃത്തി നല്കാത്ത വിധത്തിലുള്ള ഒന്നായിരിക്കുമ്പോഴോ;

വിനിർദ്ദിഷ്ടമായവിധം നിർവ്വഹിപ്പിക്കാവുന്നതാണ്.

വിശദീകരണം.—വിപരീതമായത് തെളിയിക്കാത്തപക്ഷവും തെളിയിക്കുന്നതുവരെയും, കോടതി—

(1) സ്ഥാവരവസ്തു കൈമാററം ചെയ്യാനുള്ള ഒരു കാൺട്രാക്റ്റിന്റെ ലംഘനത്തിന്, പണമായിട്ടുള്ള നഷ്ടപരിഹാരത്താൽ പര്യാപ്തമായവിധം നിവൃത്തി കൊടുക്കാൻ കഴിയുന്നതല്ലെന്നും;

(2) ജംഗമവസ്തു കൈമാററം ചെയ്യാനുള്ള ഒരു കാൺട്രാക്റ്റിന്റെ ലംഘനത്തിന്, താഴെപ്പറയുന്ന സംഗതികളിലൊഴികെ, അങ്ങനെ നിവൃത്തി കൊടുക്കാൻ കഴിയുമെന്നും,

അനുമാനിക്കേണ്ടതാകുന്നു:—

(ക) വസ്തു സാധാരണ കച്ചവടസാധനമല്ലാതിരിക്കുകയോ, അല്ലെങ്കിൽ വാദിക്ക് പ്രത്യേകമൂല്യമോ താൽപര്യമോ ഉള്ളതായിരിക്കുകയോ, അല്ലെങ്കിൽ കമ്പോളത്തിൽ എളുപ്പമായി ലഭിക്കാത്ത സാധനങ്ങൾ ആയിരിക്കുകയോ ചെയ്യുന്നിടത്ത്;

(ഖ) വസ്തു വാദിയുടെ ഏജന്റോ ട്രസ്റ്റിയോ ആയി പ്രതി, വച്ചുകൊള്ളുന്നിടത്ത്.

11. ട്രസ്റ്റുകളോട് ബന്ധപ്പെട്ട കാൺട്രാക്റ്റുകൾ വിനിർദ്ദിഷ്ടമായവിധം നിർവ്വഹിപ്പിക്കാവുന്ന സംഗതികൾ.—(1) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ചെയ്യാമെന്ന് കരാർ ചെയ്ത കൃത്യം ഒരു ട്രസ്റ്റിന്റെ മുഴുവനുമോ ഭാഗികമോ ആയ നിർവ്വഹണത്തിൽ ഉള്ളതാണെങ്കിൽ, കോടതിക്ക് സ്വവിവേകം ഉപയോഗിച്ച് കാൺട്രാക്റ്റ് വിനിർദിഷ്ടമായവിധം നിർവ്വഹിപ്പിക്കാവുന്നതാണ്.

(2) ഒരു ട്രസ്റ്റി, തന്റെ അധികാരങ്ങളിൽ കവിഞ്ഞോ ട്രസ്റ്റു ലംഘിച്ചുകൊണ്ടോ ഉണ്ടാക്കിയ കാൺട്രാക്റ്റ് വിനിർദ്ദിഷ്ടമായവിധം നിർവഹിപ്പിക്കാവുന്നതല്ല.

12. കാൺട്രാക്റ്റിന്റെ ഒരു ഭാഗത്തിന്റെ വിനിർദ്ദിഷ്ടമായ നിർവ്വഹിപ്പിക്കൽ.—(1) ഈ വകുപ്പിൽ, ഇതിനുശേഷം മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, കോടതിക്ക്, കാൺട്രാക്റ്റിന്റെ ഒരു ഭാഗം വിനിർദ്ദിഷ്ടമായവിധം നിർവ്വഹിക്കണമെന്ന് നിദേശിക്കാൻ പാടുള്ളതല്ല.

(2) കാൺട്രാക്റ്റിലെ ഒരു കക്ഷിക്ക്, അതിൽ തന്റെ ഭാഗം മുഴുവൻ നിർവ്വഹിക്കാൻ കഴിയാതിരിക്കുകയും, എന്നാൽ, നിർവ്വഹിക്കാൻ കഴിയാതെ വിട്ടുപോകുന്ന ഭാഗം, മൂല്യത്തിൽ മുഴുവൻ കാൺട്രാക്റ്റിന്റെ ഒരു ചെറിയ അനുപാതം മാത്രവും പണമായി നഷ്ടപരിഹാരം നല്കപ്പെടാവുന്ന ഒന്നും ആയിരിക്കുകയും ചെയ്യുന്നിടത്ത്, കോടതിക്ക്, രണ്ടിൽ ഏതെങ്കിലും കക്ഷിയുടെ വ്യവഹാരത്തിന്മേൽ, കാൺട്രാക്റ്റിന്റെ നിർവ്വഹിക്കാവുന്നത്ര ഭാഗം വിനിർദ്ദിഷ്ടമായവിധം നിർവഹിക്കാൻ നിദേശിക്കുകയും, കുറവുള്ളതിന് പണമായി നഷ്ടപരിഹാരം നല്കാൻ വിധിക്കുകയും ചെയ്യാവുന്നതാണ്.

(3) കാൺട്രാക്റ്റിലെ ഒരു കക്ഷിക്ക് അതിൽ, തന്റെ ഭാഗം മുഴുവൻ നിർവ്വഹിക്കാൻ കഴിയാതിരിക്കുകയും, നിർവ്വഹിക്കാൻ കഴിയാതെ വിട്ടുപോകുന്ന ഭാഗം, ഒന്നുകിൽ—

(ക) പണമായി നഷ്ടപരിഹാരം നല്കപ്പെടാവുന്ന ഒന്നാണെങ്കിലും, മുഴുവൻ കാൺട്രാക്റ്റിന്റെ ഗണ്യമായ ഒരു ഭാഗം ആയിരിക്കുകയോ; അല്ലെങ്കിൽ

(ഖ) പണമായി നഷ്ടപരിഹാരം നല്കപ്പെടാവുന്ന ഒന്നല്ലാത്തതായിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്, അയാൾക്ക് വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വിധികിട്ടാൻ അവകാശമില്ല; എന്നാൽ കോടതിക്ക് മറ്റേ കക്ഷിയുടെ വ്യവഹാരത്തിന്മേൽ, വീഴ്ച വരുത്തുന്ന കക്ഷിയോട്, കാൺട്രാക്റ്റിൽ തന്റെ ഭാഗത്തിൽ തനിക്ക് നിർവ്വഹിക്കാവുന്നത്ര ഭാഗം, മറ്റേ കക്ഷി—

(i) (ക) എന്ന ഖണ്ഡത്തിൻകീഴിൽ വരുന്ന ഒരു സംഗതിയിൽ, നിർവ്വഹിക്കാൻ കഴിയാതെ വിട്ടുപോകുന്ന ഭാഗത്തിനുള്ള പ്രതിഫലം കുറവു ചെയ്തതിനുശേഷമുള്ള, മുഴുവൻ കാൺട്രാക്റ്റിനുംകരാർ ചെയ്ത പ്രതിഫലം കൊടുക്കുകയോ കൊടുത്തിരിക്കുകയോ ചെയ്യുകയും; (ഖ) ഖണ്ഡത്തിൽ വരുന്ന സംഗതിയിൽ, യാതൊരു കുറവും കൂടാതെ മുഴുവൻ കാൺട്രാക്റ്റിനുമുള്ള പ്രതിഫലം കൊടുക്കുകയോ, കൊടുത്തിരിക്കുകയോ ചെയ്യുകയും; കൂടാതെ

(ii) ഇരു സംഗതികൾ ഏതിലും, കാൺട്രാക്റ്റിന്റെ അവശേഷിക്കുന്ന ഭാഗത്തിന്റെ നിർവ്വഹണത്തിനുള്ള എല്ലാ അവകാശവാദങ്ങളും, പ്രതിയുടെ വീഴ്ചയിലൂടെ കുറവു വന്നതിനോ തനിക്ക് നേരിട്ട നഷ്ടത്തിനോ നാശനഷ്ടത്തിനോ നഷ്ടപരിഹാരത്തിനുള്ള എല്ലാ അവകാശങ്ങളും, ത്യജിക്കുകയും ചെയ്യുകയാണെങ്കിൽ,

വിനിർദ്ദിഷ്ടമായ വിധം നിർവഹിക്കാൻ നിദേശിക്കാവുന്നതാണ്.

(4) കാൺട്രാക്ററിൻെറ ഒരു ഭാഗം അതുമാത്രമായെടുക്കുമ്പോൾ വിനിർദ്ദിഷ്ടമായവിധം നിർവ്വഹിക്കപ്പെടാവുന്നതും നിർവ്വഹിക്കപ്പെടേണ്ടതും ആയിരിക്കുകയും, അതേ കാൺട്രാക്ററിൻെറ, വിനിർദ്ദിഷ്ടമായവിധം നിർവ്വഹിക്കപ്പെടാൻ കഴിയാത്തതോ പാടില്ലാത്തതോ ആയ മറെറാരു ഭാഗത്ത് നിന്ന് വേറിട്ട് നിരപേക്ഷമായും നില്ക്കുകയും ചെയ്യുമ്പോൾ കോടതിക്ക് ആദ്യ ഭാഗത്തിൻെറ വിനിർദ്ദിഷ്ട നിർവ്വഹണം നിദേശിക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, കാൺട്രാക്ററ് തീയതിയ്ക്കുണ്ടായിരുന്ന അതിൻെറ വിഷയവസ്തുവിൻെറ ഒരു ഭാഗം അതിൻെറ നിർവ്വഹണ സമയത്ത് ഇല്ലാതായിത്തീർന്നിട്ടുണ്ടെങ്കിൽ, കാൺട്രാക്ററിലെ ഒരു കക്ഷിക്ക്, അതിൽ തൻെറ ഭാഗം മുഴുവൻ നിർവ്വഹിക്കുവാൻ കഴിയുകയില്ലെന്ന് കരുതപ്പെടുന്നതാകുന്നു.

13. ഉടമാവകാശം ഇല്ലാത്ത ആൾക്കോ അപൂർണ്ണമായ ഉടമാവകാശത്തോടു കൂടിയ ആൾക്കോ എതിരായി ക്രേതാവിൻേറയോ പാട്ട (വാടക) ക്കാരൻേറയോ അവകാശങ്ങൾ —(1) ഉടമാവകാശം ഇല്ലാതിരിക്കെ അല്ലെങ്കിൽ അപൂർണ്ണമായ ഉടമാവകാശം മാത്രം ഉണ്ടായിരിക്കെ, ഒരാൾ ഏതെങ്കിലും സ്ഥാവരവസ്തു, വില്ക്കാനോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാനോ കാൺട്രാക്ററ് ചെയ്യുന്നിടത്ത്, ക്രേതാവിനോ, പാട്ട (വാടക) ക്കാരനോ (ഈ അദ്ധ്യായത്തിലെ മററ് വ്യവസ്ഥകൾക്ക് വിധേയമായി) താഴെ പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) വില്ക്കുന്നയാളോ പാട്ട (വാടക) കർത്താവോ, കാൺട്രാക്ററിനു ശേഷം ആ വസ്തുവിൽ ഏതെങ്കിലും അവകാശം ആർജ്ജിച്ചിട്ടുണ്ടെങ്കിൽ, ക്രേതാവിനോ പാട്ട (വാടക)ക്കാരനോ അങ്ങനെയുള്ള അവകാശം കൊണ്ട് കാൺട്രാക്ററ് നിറവേററാൻ നിർബന്ധിക്കാവുന്നതാണ്.

(ഖ) ഉടമാവകാശം സാധുവാക്കുവാൻ മററാളുകളുടെ യോജിപ്പ് ആവശ്യമായിരിക്കുകയും, വില്ക്കുന്നയാളുടേയോ പാട്ട (വാടക) കർത്താവിൻേറയോ അപേക്ഷയിൻമേൽ അവർ യോജിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുകയും ചെയ്യുന്നിടത്ത് ക്രേതാവിനോ പാട്ട (വാടക)ക്കാരനോ അങ്ങനെയുള്ള യോജിപ്പ് നേടാൻ അയാളെ നിർബന്ധിക്കാവുന്നതും, ഉടമാസ്ഥാവകാശം, സാധുവാക്കാൻ മററാളുകളുടെ കൈമാററയാധാരം ആവശ്യമായിരിക്കുകയും, വില്ക്കുന്നയാളുടേയോ പാട്ട (വാടക) കർത്താവിൻേറയോ അപേക്ഷയിൻമേൽ കൈമാററയാധാരം കൊടുക്കാൻ അവർ ബാദ്ധ്യസ്ഥരായിരിക്കുകയും ചെയ്യുമ്പോൾ, ക്രേതാവിനോ പാട്ട (വാടക)ക്കാരനോ അങ്ങനെയുള്ള കൈമാററയാധാരം നേടാൻ അയാളെ നിർബന്ധിക്കാവുന്നതും ആകുന്നു;

(ഗ) വില്ക്കുന്ന ആൾ കുടിക്കടമില്ലാത്ത വസ്തു വില്ക്കുന്നതായി ഭാവിക്കുകയും, എന്നാൽ വസ്തു ക്രയസംഖ്യയിൽ കവിയാത്ത തുകയ്ക്ക് പണയപ്പെടുത്തിയതായിരിക്കുകയും, വില്ക്കുന്നയാളിന് വാസ്തവത്തിൽ പണയം ഒഴിപ്പിക്കാനുള്ളഅവകാശം മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, ക്രേതാവിന് പണയം ഒഴിപ്പിക്കാനും ബാദ്ധ്യത സാധുവാം വണ്ണം വിടുത്തിക്കുകയും, ആവശ്യമുള്ളിടത്ത് പണയഗൃഹീതാവിൽ നിന്ന് കൈമാററയാധാരം വാങ്ങുകയും ചെയ്യുന്നതിനും അയാളെ നിർബന്ധിക്കാവുന്നതാണ്;

(ഘ) വില്ക്കുന്ന ആളോ പാട്ട(വാടക) ക്കർത്താവോ കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിന് വ്യവഹാരപ്പെടുകയും, വ്യവഹാരം അയാൾക്ക് ഉടമാവകാശം ഇല്ലെന്നോ അപൂർണ്ണമാണെന്നോ ഉള്ള കാരണത്തിൻമേൽ തള്ളിക്കളയുകയും ചെയ്യുന്നിടത്ത്, പ്രതിക്ക് തന്റെ ഡെപ്പോസിററ് വല്ലതുമുണ്ടെങ്കിൽ അത് പലിശസഹിതം മടക്കിക്കിട്ടാനും, വ്യവഹാരത്തിലെ തന്റെ ചെലവുകിട്ടാനും അങ്ങനെയുള്ള ഡെപ്പോസിററിനും പലിശയ്ക്കും ചെലവിനും കാൺട്രാക്ററിന് വിഷയമായ വസ്തുവിൽ വില്ക്കുന്ന ആളിനോ പാട്ട (വാടക) ക്കർത്താവിനോ അതിലും അവകാശം വല്ലതുമുണ്ടെങ്കിൽ അതിൻമേൽ ഒരു ലീനിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ജംഗമവസ്തു വില്ക്കുന്നതിനോ വാടകയ്ക്ക് കൊടുക്കുന്നതിനോ ഉള്ള കാൺട്രാക്ററുകൾക്കും കൂടി കഴിയുന്നിടത്ത ബാധകമാകുന്നതാണ്.

## വിനിർദ്ദിഷ്ടമായ വിധം പ്രാവർത്തികമാക്കാൻ കഴിയാത്ത കാൺട്രാക്ററുകൾ

14. വിനിർദ്ദിഷ്ടമായ വിധം പ്രാവർത്തികമാക്കാവുന്നതല്ലാത്ത കാൺട്രാക്ററുകൾ.—(1) താഴെപ്പറയുന്ന കാൺട്രാക്ററുകൾ വിനിർദ്ദിഷ്ടമായ വിധം പ്രാവർത്തികമാക്കാൻ കഴിയാത്തവയാണ്, അതായത്:—

(ക) ഏതു് കാൺട്രാക്ററ് നിർവ്വഹിക്കാത്തതിനാണോ പണമായിട്ടുള്ള നഷ്ടപരിഹാരം പര്യാപ്തമായ നിവൃത്തിയായിട്ടുള്ളത് അങ്ങനെയുള്ള കാൺട്രാക്ററ്;

(ഖ) ഏത് കാൺട്രാക്ററാണോ, അതിന്റെ സാരവത്തായ നിബന്ധനകൾ കോടതിക്ക് വിനിർദ്ദിഷ്ടമായവിധം നിർവ്വഹിപ്പിക്കുവാൻ കഴിയാത്തവണ്ണം അത്രയ്ക്ക് സൂക്ഷ്മമോ വളരെയധികമോ ആയ വിശദാംശങ്ങൾ അടങ്ങിയതായിരിക്കുകയോ, അല്ലെങ്കിൽ കക്ഷികളുടെ വ്യക്തിപരമായ യോഗ്യതകളേയോ ഇച്ഛയേയോ അത്രയ്ക്ക് ആശ്രയിക്കുന്നതായിരിക്കുകയോ അല്ലെങ്കിൽ മററുവിധത്തിൽ പ്രകൃതത്തിൽ അങ്ങനെയുള്ളതായിരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള കാൺട്രാക്ററ്;

(ഗ) അവസാനിപ്പിക്കപ്പെടാവുന്ന പ്രകൃതത്തോടുകൂടിയ കാൺട്രാക്ററ്;

(ഘ) ഏത് കാൺട്രാക്ററിന്റെ നിർവ്വഹണമാണോ കോടതിക്ക് മേൽനോട്ടം വഹിക്കാൻ കഴിയാത്ത ഒരു തുടരുന്ന കർത്തവ്യത്തിന്റെ നിർവ്വഹണം ഉൾക്കൊള്ളുന്നത്, അങ്ങനെയുള്ള കാൺട്രാക്ററ്.

(2) മാദ്ധ്യസ്ഥ്യ ആക്ററ്, 1940 (1940-ലെ 10) വ്യവസ്ഥചെയ്തിട്ടുള്ള വിധത്തിലല്ലാതെ, വർത്തമാനകാലത്തേയോ ഭാവിയിലേയോ അഭിപ്രായഭേദങ്ങൾ മാദ്ധ്യസ്ഥ്യത്തിന് സമർപ്പിക്കാനുള്ള യാതൊരു കാൺട്രാക്ററും വിനിർദ്ദിഷ്ടമായവിധം പ്രാവർത്തികമാക്കപ്പെടുന്നതല്ല; എന്നാൽ അങ്ങനെയുള്ള (മേല്പറഞ്ഞ ആക്ററിലെ വ്യവസ്ഥകൾ ബാധകമാകുന്ന മദ്ധ്യസ്ഥക്കരാറല്ലാത്ത) കാൺട്രാക്ററ്, ഉണ്ടാക്കുകയും അത് നിർവ്വഹിക്കാൻ വിസമ്മതിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും ആൾ മാദ്ധ്യസ്ഥ്യത്തിന് സമർപ്പിക്കാൻ അയാൾ കാൺട്രാക്ററ് ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് വ്യവഹാരപ്പെടുകയാണെങ്കിൽ, അങ്ങനെ കാൺട്രാക്ററിന്റെ അസ്തിത്വം ആ വ്യവഹാരത്തിന് തടസ്സമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിലോ, (ഗ) ഖണ്ഡത്തിലോ, (ഘ) ഖണ്ഡത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കോടതിക്ക് താഴെപ്പറയുന്ന സംഗതികളിൽ വിനിർദ്ദിഷ്ട നിർവ്വഹണം നിർബന്ധിക്കാവുന്നതാണ്:—

(ക) വ്യവഹാരം,—

(i) ഉടൻതന്നെ വീട്ടാൻ കടം വാങ്ങിയ ആൾക്ക് സമ്മതമല്ലാത്ത ഏതെങ്കിലും കടം വീട്ടുന്നതിന്റെ ഈടിനായി ഒരു പണയം എഴുതിക്കൊടുക്കുകയോ മറെറതെങ്കിലും ഈടു നല്കുകയോ ചെയ്യാനുള്ള ഒരു കാൺട്രാക്ററ് പ്രാവർത്തികമാക്കാനുള്ളതായിരിക്കുന്നിടത്ത്:

എന്നാൽ, അതിന് കടത്തിന്റെ ഒരു ഭാഗം മാത്രം കൊടുത്തിട്ടുള്ളിടത്ത്, കടത്തിന്റെ ബാക്കി ഭാഗം കാൺട്രാക്ററിലെ നിബന്ധനകളനുസരിച്ച് നല്കാൻ കടം കൊടുക്കുന്ന ആൾക്ക് സമ്മതമായിരിക്കണം, അല്ലെങ്കിൽ,—

(ii) ഒരു കമ്പനിയുടെ ഡിബഞ്ചറുകൾ എടുക്കുകയും അതിന് പണം നല്കുകയും ചെയ്യാനുള്ള ഒരു കാൺട്രാക്ററ് പ്രാവർത്തികമാക്കാനുള്ളതായിരിക്കുന്നിടത്ത്;

(ഖ) വ്യവഹാരം,—

(i) കക്ഷികൾ പങ്കാളിത്തത്തിന്റെ ബിസിനസ്സ് നടത്തിക്കൊണ്ടുപോകാൻ ആരംഭിച്ചിരിക്കെ, ഔപചാരികമായ ഒരു പങ്കാളിത്തപത്രം ഒപ്പിട്ടു പൂർത്തീകരിക്കുന്നതിനോ; അല്ലെങ്കിൽ

(ii) ഒരു ഫേമിലെ ഒരു പങ്കാളിയുടെ ഓഹരി വിലയ്ക്ക് വാങ്ങുന്നതിനോ,

ഉള്ളതായിരിക്കുന്നിടത്ത്;

(ഗ) വ്യവഹാരം, ഏതെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനോ, ഭൂമിയിൽ മറെറതെങ്കിലും പണി നിർവ്വഹിക്കുന്നതിനോ ഉള്ള ഒരു കാൺട്രാക്ററ് പ്രാവർത്തികമാക്കാനുള്ളതായിരിക്കുന്നിടത്ത്:

എന്നാൽ അതിന് താഴെപ്പറയുന്ന ഉപാധികൾ നിറവേററപ്പെട്ടിരിക്കണം, അതായത്:—

(i) കെട്ടിടത്തിന്റേയോ പണിയുടേയോ ശരിയായ പ്രകൃതം നിശ്ചയിക്കുവാൻ കോടതിക്ക് കഴിവുണ്ടാക്കാൻ മതിയാകും വണ്ണം, ശരിയായ പദങ്ങളിൽ കെട്ടിടത്തേയോ മററു പണിയേയോ കാൺട്രാക്ററിൽ വിവരിച്ചിരിക്കണം;

(ii) വാദിക്ക് കാൺട്രാക്ററിന്റെ നിർവ്വഹണത്തിൽ ഗണ്യമായ അവകാശമുണ്ടായിരിക്കുകയും, ആ അവകാശം, കാൺട്രാക്ററ് നിർവ്വഹിക്കാത്തതിന് പണമായിട്ടുള്ള നഷ്ടപരിഹാരം പര്യാപ്തമായ നിവൃത്തിയല്ലാത്ത പ്രകൃതത്തോടുകൂടിയതായിരിക്കുകയും ചെയ്യണം;

(iii) കാൺട്രാക്ററിന് അനുസൃതമായി, കെട്ടിടം നിർമ്മിക്കുകയോ മററു പണി ചെയ്യുകയോ ചെയ്യേണ്ടത് ഏതു ഭൂമിയിലാണോ, ആ ഭൂമി മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ, പ്രതിക്ക് കൈവശം കിട്ടിയിരിക്കണം.

## കോൺട്രാക്റ്റുകൾ വിനിർദ്ദിഷ്ടമായി പ്രാവർത്തികമാക്കപ്പെടാവുന്നത് ഏതാളുകൾക്കുവേണ്ടിയോ എതിരായോ ആണെന്ന്

15. വിനിർദ്ദിഷ്ട നിർവ്വഹണം ആർക്ക് നേടാമെന്ന്.—ഈ അദ്ധ്യായം മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, കോൺട്രാക്റ്റിന്റെ വിനിർദ്ദിഷ്ട നിർവ്വഹണം താഴെപ്പറയുന്നവർക്ക് നേടാവുന്നതാണ്—

(ക) അതിലെ ഏതെങ്കിലും കക്ഷിക്ക്;

(ഖ) അതിലെ ഏതെങ്കിലും കക്ഷിയുടെ അവകാശപ്രതിനിധിക്ക് അല്ലെങ്കിൽ, പ്രിൻസിപ്പലിന്:

എന്നാൽ അങ്ങനെയുള്ള കക്ഷിയുടെ പഠിപ്പോ, നൈപുണ്യമോ, കടം വീട്ടാനുള്ള കഴിവോ ഏതെങ്കിലും വ്യക്തിപരമായ ഗുണമോ കോൺട്രാക്റ്റിലെ സാരവത്തായ ഒരു ഘടകമായിരിക്കുന്നിടത്തോ, അല്ലെങ്കിൽ അയാളുടെ അവകാശം തീറുകൊടുക്കപ്പെടാവുന്നതല്ലെന്ന് കോൺട്രാക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്നിടത്തോ, അയാളുടെ അവകാശപ്രതിനിധിക്കോ, പ്രിൻസിപ്പലിനോ അങ്ങനെയുള്ള കക്ഷി കോൺട്രാക്റ്റിലെ തന്റെ ഭാഗം നിർവ്വഹിച്ചു കഴിഞ്ഞിരിക്കുകയോ തന്റെ അവകാശപ്രതിനിധിയാലോ, പ്രിൻസിപ്പലിനാലോ ഉള്ള അതിന്റെ നിർവ്വഹണം മറേറ കക്ഷി സ്വീകരിച്ചിരിക്കുകയോ ചെയ്യാത്തപക്ഷം, കോൺട്രാക്റ്റിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല;

(ഗ) കോൺട്രാക്റ്റ്, വിവാഹത്തോടെ ഉണ്ടായ ഒരു ധനനിശ്ചയമോ അല്ലെങ്കിൽ ഒരേ കുടുംബത്തിലെ അംഗങ്ങൾ തമ്മിലുണ്ടായ സന്ദിഗ്ദ്ധാവകാശങ്ങൾ സംബന്ധിച്ച ഒരു രാജിയോ ആയിരിക്കുന്നിടത്ത്, അതിൻ കീഴിൽ ഗുണാനുഭവാവകാശമുള്ള ഏതെങ്കിലും ആൾക്ക്;

(ഘ) കോൺട്രാക്റ്റ് ആജീവനാവകാശമുള്ള ഒരാൾ ഒരു അധികാരത്തിന്റെ മുറപ്രകാരമുള്ള പ്രയോഗത്തിൽ ഏർപ്പെട്ടിട്ടുള്ള ഒന്നാകുന്നിടത്ത്, അവശിഷ്ടാവകാശമുള്ള ആൾക്ക്;

(ങ) കൈവശമുള്ള ഒരു പ്രതിവർത്തനാവകാശിക്ക്, കരാർ തന്റെ പൂർവ്വാവകാശിയുമായി ഏർപ്പെട്ടിട്ടുള്ള ഒരു ഉടമ്പടിയായിരിക്കുകയും, പ്രതിവർത്തനാവകാശിക്ക് അങ്ങനെയുള്ള ഉടമ്പടിയുടെ ഗുണാനുഭവത്തിന് അവകാശമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്;

(ച) അവശിഷ്ടാവകാശമുള്ള ഒരു പ്രതിവർത്തനാവകാശിക്ക്; കരാർ അങ്ങനെയുള്ള ഒരുടമ്പടിയായിരിക്കുകയും പ്രതിവർത്തനാവകാശിക്ക് അതിന്റെ ഗുണാനുഭവത്തിന് അവകാശമുണ്ടായിരിക്കുകയും, അതിന്റെ ലംഘനത്താൽ അയാൾക്ക് സാരമായ നഷ്ടം നേരിടുമെന്നിരിക്കുകയും ചെയ്യുന്നിടത്ത്;

(ഛ) ഒരു കമ്പനി, കോൺട്രാക്റ്റിൽ ഏർപ്പെടുകയും പിന്നീട് മറെറാരു കമ്പനിയുമായി സംയോജിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള സംയോജനത്തിൽ നിന്നുമുത്ഭവിക്കുന്ന പുതിയ കമ്പനിക്ക്;

(ജ) കമ്പനിയുടെ പ്രമോട്ടർമാർ അതിന്റെ ഏകാംഗീകരണത്തിനുമുമ്പ് കമ്പനിയുടെ ആവശ്യങ്ങൾക്കായി ഒരു കോൺട്രാക്റ്റിൽ ഏർപ്പെട്ടിട്ടുണ്ടായിരിക്കുകയും അങ്ങനെയുള്ള കോൺട്രാക്റ്റ് ഏകാംഗീകരണത്തിന്റെ നിബന്ധനകളാൽ നീതീകരിക്കപ്പെട്ടിരിക്കുകയും ചെയ്യുമ്പോൾ, ആ കമ്പനിക്ക്:

എന്നാൽ അതിന് കമ്പനി ആ കാൺട്രാക്ററ് പ്രതിഗ്രഹിച്ചിരിക്കുകയും പ്രതിഗ്രഹണം കാൺട്രാക്ററിലെ മറേറ കക്ഷിയെ അറിയിച്ചിരിക്കുകയും വേണം.

16. നിവൃത്തിക്ക് വ്യക്തിപരമായുള്ള തടസ്സങ്ങൾ. — ഒരു കാൺട്രാക്ററ്—

(ക) അതിൻെറ ലംഘനത്തിന് നഷ്ടപരിഹാരം വസൂലാക്കാൻ അവകാശമുണ്ടാകാത്ത ആൾക്കോ,

(ഖ) അതു നിർവ്വഹിക്കാൻ കഴിയാതായിത്തീർന്നിരിക്കുകയോ, അതിൽ തൻെറ ഭാഗത്ത് നിർവ്വഹിക്കപ്പെടാൻ ബാക്കിയുള്ള ഏതെങ്കിലും സാരാംശത്തിലുള്ള നിബന്ധന ലംഘിക്കുകയോ കാൺട്രാക്ററിനെ വഞ്ചിച്ചു പ്രവർത്തിക്കുകയോ, കാൺട്രാക്ററ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബന്ധത്തിൽ നിന്ന് വ്യത്യസ്തമായോ ബന്ധത്തെ ധ്വംസിച്ചുകൊണ്ടോ മനഃപൂർവ്വം പ്രവർത്തിക്കുകയോ ചെയ്യുന്ന ആൾക്കോ;

(ഗ) കാൺട്രാക്ററിൽ താൻ നിർവ്വഹിക്കേണ്ടതും പ്രതിനിർവ്വഹണം തടയുകയോ വേണ്ടെന്നു വയ്ക്കുകയോ ചെയ്യാത്തതുമായ സാരാംശത്തിലുള്ള നിബന്ധനകൾ താൻ നിർവ്വഹിച്ചിട്ടുണ്ടെന്നോ നിർവ്വഹിക്കുവാൻ താൻ എപ്പോഴും തയ്യാറുള്ളവനും ഒരുക്കമുള്ളവനും ആയിരുന്നുവെന്നോ വാദിക്കുകയും തെളിയിക്കുകയും ചെയ്യാതിരിക്കുന്ന ആൾക്കോ, വേണ്ടി വിനിർദ്ദിഷ്ടമായ വിധം നിർവ്വഹിക്കപ്പെടാവുന്നതല്ല.

വിശദീകരണം.—(ഗ) ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്,—

(i) കാൺട്രാക്ററ്, പണം കൊടുക്കൽ ഉൾക്കൊള്ളുന്നിടത്ത്, ഏതെങ്കിലും പണം വാദി പ്രതിക്ക് യഥാർത്ഥത്തിൽ ടെൻഡർ ചെയ്യുകയോ കോടതിയിൽ ഡെപ്പോസിററ് ചെയ്യുകയോ ചെയ്യുന്നത്, കോടതി അപ്രകാരം നിദേശിക്കുമ്പോളൊഴികെ ആവശ്യമായിട്ടുള്ളതല്ല;

(ii) കാൺട്രാക്ററ് അതിന് ശരിയായ അർത്ഥം കല്പിച്ചിട്ടുള്ള പ്രകാരം നിർവ്വഹിച്ചിട്ടുണ്ടെന്നോ നിർവ്വഹിക്കാൻ തയ്യാറും ഒരുക്കവും ഉള്ളവനാണെന്നോ വാദി വാദിക്കണം.

17. ഉടമാവകാശമില്ലാത്ത ഒരാൾ വസ്തു വില്ക്കാനോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാനോ ചെയ്യുന്ന കാൺട്രാക്ററ് വിനിർദ്ദിഷ്ടമായ വിധം പ്രാവർത്തികമാക്കാവുന്നതല്ലെന്ന്.—(1) സ്ഥാവരവസ്തു വില്ക്കാനോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാനോ ഉള്ള ഒരു കാൺട്രാക്ററ —

(ക) വസ്തുവിൽ തനിക്ക് യാതൊരു ഉടമാവകാശവുമില്ലെന്ന് അറിഞ്ഞുകൊണ്ട്, വസ്തു വില്ക്കാനോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാനോ കാൺട്രാക്ററ് ചെയ്തിട്ടുള്ളവനോ;

(ഖ) വസ്തുവിന് തനിക്ക് ശരിയായ ഉടമാവകാശമുണ്ടെന്ന് വിശ്വസിച്ചുകൊണ്ട്, കാൺട്രാക്ററിൽ ഏർപ്പെട്ടുവെങ്കിലും, വില്പനയോ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കലോ പൂർത്തിയാക്കുന്നതിന് കക്ഷികളോ കോടതിയോ നിശ്ചയിച്ചിട്ടുള്ള സമയത്ത് ക്രേതാവിനോ പാട്ട(വാടക)ക്കാരനോ ന്യായമായ സംശയം ഇല്ലാത്ത ഉടമാവകാശം നല്കാൻ കഴിയാത്തവനോ,

ആയ ഒരു വില്പനക്കാരനോ പാട്ട(വാടക)ക്കർത്താവിനോ വേണ്ടി വിനിർദ്ദിഷ്ടമായ വിധം പ്രാവർത്തികമാക്കാവുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ജംഗമവസ്തു വില്ക്കുന്നതിനോ വാടകയ്ക്കു കൊടുക്കുന്നതിനോ ഉള്ള കാൺട്രാക്റ്റുകൾക്കും കഴിയുന്നത്ര ബാധകമാകുന്നതാണ്.

18. വ്യത്യാസപ്പെടുത്തലോടു കൂടിയല്ലാതെ പ്രാവർത്തികമാക്കാതിരിക്കൽ —വാദി, രേഖാമൂലമുള്ള കാൺട്രാക്റ്റിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിന് അപേക്ഷിക്കുകയും, പ്രതി അതിൽ ഒരു വ്യത്യാസം ഉള്ളതായി വാദിക്കുകയും ചെയ്യുന്നിടത്ത്, താഴെപ്പറയുന്ന സംഗതികളിൽ അങ്ങനെ ഉള്ളതായി വാദിക്കുന്ന വ്യത്യാസത്തോടു കൂടിയല്ലാതെ വാദിക്ക് അപേക്ഷിച്ച നിർവ്വഹണം കിട്ടാവുന്നതല്ല, അതായത്:—

(ക) നിർവ്വഹണത്തിന് അപേക്ഷിച്ചിട്ടുള്ള രേഖാമൂലമുള്ള കാൺട്രാക്റ്റ് വഞ്ചനയാലോ വസ്തുതയെക്കുറിച്ചുള്ള തെററിനാലോ തെററിദ്ധരിപ്പിക്കലിനാലോ കക്ഷികൾ കരാർ ചെയ്തിട്ടുള്ളതിൽ നിന്ന് നിബന്ധനകളിലും ഫലത്തിലും വ്യത്യസ്തമായിരിക്കുകയോ, കക്ഷികൾ തമ്മിൽ കരാർ ചെയ്തിട്ടുള്ള ഏതു നിബന്ധനകളുടെ അടിസ്ഥാനത്തിലാണോ പ്രതി കാൺട്രാക്റ്റിൽ ഏർപ്പെട്ടിട്ടുള്ളത്, അവയെല്ലാം അടങ്ങിയതല്ലാതിരിക്കുകയോ ചെയ്യുന്നിടത്ത്;

(ഖ) കക്ഷികളുടെ ഉദ്ദേശ്യം, നിയമപരമായ ഒരു ഫലം ഉണ്ടാക്കാനായിരിക്കുകയും, രൂപവൽക്കരിക്കപ്പെട്ട പ്രകാരമുള്ള കാൺട്രാകററ് ആ ഫലം ഉണ്ടാക്കാൻ പററിയതല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്;

(ഗ) കാൺട്രാക്റ്റ് ഒപ്പിട്ടു പൂർത്തീകരിച്ചതിനുശേഷം കക്ഷികൾ അതിന്റെ നിബന്ധനകൾ വ്യത്യാസപ്പെടുത്തിയിട്ടുള്ളിടത്ത്.

19. കക്ഷികൾക്കും അവരുടെ കീഴിൽ പിന്നീടുള്ള ഉടമാവകാശം വഴി അവകാശപ്പെടുന്ന ആളുകൾക്കും എതിരായുള്ള നിവൃത്തി.—ഈ അദ്ധ്യായം മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, താഴെ പറയുന്നവർക്കെതിരായി ഒരു കാൺട്രാക്റ്റ് വിനിർദ്ദിഷ്ടമായി നിർവ്വഹിപ്പിക്കപ്പെടാവുന്നതാണ്—

(ക) ഇരു കക്ഷികളിൽ ഒരു കക്ഷി;

(ഖ) അയാളുടെ കീഴിൽ കാൺട്രാക്റ്റിനുശേഷം ഉൽഭവിച്ച ഒരു ഉടമാവകാശം വഴി അവകാശപ്പെടുന്ന മറേറതെങ്കിലും ആൾ—ഉത്തമവിശ്വാസപൂർവ്വവും ആദ്യ കാൺട്രാക്റ്റിനെപ്പററി നോട്ടീസില്ലാതെയും, തന്റെ പണം കൊടുത്തിട്ടുള്ളവനായ, മൂല്യത്തിന് കൈമാററം വാങ്ങുന്ന ആൾ ഒഴികെ;

(ഗ) കാൺട്രാക്റ്റിനു മുമ്പുള്ളതും, വാദിയുടെ അറിവിൽപ്പെട്ടിരുന്നതും, ആണെങ്കിലും പ്രതിയ്ക്ക് വിസ്ഥാപനം വഴി ലഭിക്കാമായിരുന്ന ഒരു ഉടമാവകാശത്തിൻകീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആൾ;

(ഘ) ഒരു കമ്പനി ഒരു കാൺട്രാക്റ്റിൽ ഏർപ്പെടുകയും പിന്നീട് മറെറാരു കമ്പനിയുമായി സംയോജിക്കപ്പെട്ടതായിത്തീരുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള സംയോജനത്തിൽനിന്ന് ഉൽഭവിക്കുന്ന പുതിയ കമ്പനി;

(ങ) കമ്പനിയുടെ പ്രമോട്ടർമാർ, അതിന്റെ ഏകാംഗീകരണത്തിനു മുമ്പ് കമ്പനിയുടെ ആവശ്യങ്ങൾക്കായി ഒരു കാൺട്രാക്റ്റിൽഏർപ്പെട്ടിട്ടുണ്ടായിരിക്കുകയും, അങ്ങനെയുള്ള കാൺട്രാക്റ്റ് ഏകാംഗീകരണത്തിന്റെ നിബന്ധനകളാൽ നീതീകരിക്കപ്പെട്ടിരിക്കുകയും ചെയ്യുമ്പോൾ, ആ കമ്പനി;

എന്നാൽ, അതിന്, കമ്പനി ആ കാൺട്രാക്റ്റ് പ്രതിഗ്രഹിച്ചിരിക്കുകയും പ്രതിഗ്രഹണം കാൺട്രാക്ററിലെ മററേ കക്ഷിയെ അറിയിച്ചിരിക്കുകയും വേണം.

## കോടതിയുടെ വിവേകവും അധികാരങ്ങളും

20. വിനിർദ്ദിഷ്ട നിർവ്വഹണം വിധിക്കുന്നതു സംബന്ധിച്ചുള്ള വിവേകം.—(1) വിനിർദ്ദിഷ്ട നിർവ്വഹണം വിധിക്കുവാനുള്ള അധികാരിത വിവേകാധീനമായിരിക്കുന്നതും, കോടതി അങ്ങനെയുള്ള നിവൃത്തി നല്കാൻ അങ്ങനെ ചെയ്യുന്നത് നിയമാനുസൃതമാണെന്നതു കൊണ്ടുമാത്രം ബാദ്ധ്യസ്ഥമല്ലാത്തതും ആകുന്നു, എന്നാൽ കോടതിയുടെ വിവേകം സ്വേച്ഛാപരമല്ലാത്തതും മറിച്ച് അന്യൂനവും ന്യായയുക്തവും നീതിന്യായ തത്വങ്ങളാൽ നയിക്കപ്പെടുന്നതും, അപ്പീൽ കോടതിയാൽ തിരുത്തപ്പെടാവുന്നതും ആണ്.

(2) കോടതിക്ക് വിനിർദ്ദിഷ്ട നിർവ്വഹണം വിധിക്കാതിരിക്കുന്നതിന് ഉള്ള വിവേകം ശരിയായി ഉപയോഗിക്കാവുന്ന സംഗതികൾ താഴെപ്പറയുന്നവയാണ്.

(ക) കാൺട്രാക്ററിന്റെ നിബന്ധനകളോ, കാൺട്രാക്ററിൽ ഏർപ്പെടുന്ന സമയത്തുള്ള കക്ഷികളുടെ പെരുമാററമോ, കാൺട്രാക്ററിലേർപ്പെട്ടപ്പോഴത്തെ മററു പരിതഃസ്ഥിതികളോ, കാൺട്രാക്ററ് ശൂന്യമാക്കാവുന്ന ഒന്നല്ലെങ്കിലും, പ്രതിയുടെമേൽ വാദിക്ക് അന്യായമായ ആനുകൂല്യം നൽകുന്നതാകുന്നിടത്ത്; അല്ലെങ്കിൽ

(ഖ) കാൺട്രാക്ററിന്റെ നിർവ്വഹണം പ്രതിക്ക്, അയാൾ മുൻകൂട്ടി കാണാതിരുന്ന ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും എന്നാൽ, അതു നിർവ്വഹിക്കാതിരിക്കുന്നത് വാദിക്ക് അങ്ങനെയുള്ള യാതൊരുബുദ്ധിമുട്ടും ഉണ്ടാക്കാതിരിക്കുകയും ചെയ്യുന്നിടത്ത്;

(ഗ) കാൺട്രാക്ററ് ശൂന്യമാക്കാവുന്ന ഒന്നാക്കിത്തീർക്കുന്നതല്ലെങ്കിലും അത് വിനിർദ്ദിഷ്ടമായ വിധം നിർവ്വഹിപ്പക്കുന്നത് നീതിപൂർവ്വകമല്ലാത്തതാക്കിത്തീർക്കുന്ന പരിതഃസ്ഥിതികളിൽ പ്രതി കാൺട്രാക്ററിൽ ഏർപ്പെട്ടിട്ടുള്ളിടത്ത്.

വിശദീകരണം.—(1) പ്രതിഫലത്തിന്റെ അപര്യാപ്തതമാത്രമോ അല്ലെങ്കിൽ കാൺട്രാക്ററ് പ്രതിക്ക് ഭാരമുണ്ടാക്കുന്നതോ പ്രകൃത്യാഭാവിയിലേയ്ക്ക് കരുതാത്തതോ ആണെന്നുള്ള വസ്തുത മാത്രമോ (ക) ഖണ്ഡത്തിന്റെ അർത്ഥത്തിൽ അന്യായമായ ആനുകൂല്യമോ (ഖ) ഖണ്ഡത്തിന്റെ അർത്ഥത്തിൽ ബുദ്ധിമുട്ടോ ഉണ്ടാക്കുന്നതായികരുതപ്പെടുന്നതല്ല.

വിശദീകരണം.—(2) കാൺട്രാക്ററിന്റെ നിർവ്വഹണം, (ഖ) ഖണ്ഡത്തിന്റെ അർത്ഥത്തിൽ, പ്രതിക്ക് ബുദ്ധിമുട്ടുണ്ടാക്കുമോ എന്ന പ്രശ്നം, ആ ബുദ്ധിമുട്ട് കാൺട്രാക്ററിനു ശേഷമുള്ള, വാദിയുടെ ഏതെങ്കിലും കൃത്യത്തിന്റെ ഫലമായുണ്ടായിട്ടുള്ള സംഗതികളിൽഒഴികെ, കാൺട്രാക്ററിന്റെ സമയത്ത് നിലവിലുണ്ടായിരുന്ന പരിതഃസ്ഥിതികൾ അനുസരിച്ച് നിശ്ചയിക്കപ്പെടേണ്ടതാകുന്നു.

(3) വിനിർദ്ദിഷ്ടമായി നിർവ്വഹിക്കാൻ കഴിയുന്ന ഒരു കാൺട്രാക്ററിന്റെ അനന്തരഫലമായി വാദി ഗണ്യമായ കൃത്യങ്ങൾ ചെയ്യുകയോ നഷ്ടം സഹിക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയിൽ കോടതി വിനിർദ്ദിഷ്ട നിർവ്വഹണം വിധിക്കുന്നതിനുള്ള വിവേകം ഉപയോഗിക്കുന്നത് ശരിയായിരിക്കുന്നതാണ്.

(4) ഏതെങ്കിലും കക്ഷിക്ക്, കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണം, കാൺട്രാക്ററ് മറേറ കക്ഷിയുടെ അപേക്ഷയിൻമേൽ പ്രാവർത്തികമാക്കാവുന്നതല്ലെന്ന കാരണത്താൽ മാത്രം കോടതിക്ക് നിരസിക്കാവുന്നതല്ല.

21. ചില സംഗതികളിൽ നഷ്ടപരിഹാരം നല്കാൻ വിധിക്കാനുള്ള അധികാരം.—(1) കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള ഒരു വ്യവഹാരത്തിൽ, വാദിക്കു അങ്ങനെയുള്ള നിർവ്വഹണത്തിനു പുറമെയോ പകരമായോ കാൺട്രാക്ററിന്റെ ലംഘനത്തിനുള്ള നഷ്ടപരിഹാരം കൂടി അവകാശപ്പെടാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ, വിനിർദിഷ്ട നിർവ്വഹണം അനുവദിക്കാൻ പാടുള്ളതല്ലെന്നും, എന്നാൽ കക്ഷികൾ തമ്മിൽ ഒരു കാൺട്രാക്ററ് ഉണ്ടെന്നും പ്രതി അതു ലംഘിച്ചിട്ടുണ്ടെന്നും വാദിക്ക് ആ ലംഘനത്തിനുള്ള നഷ്ടപരിഹാരത്തിന് അവകാശമുണ്ടെന്നും കോടതി തീരുമാനിക്കുന്നുവെങ്കിൽ, അതനുസരിച്ച് കോടതി അങ്ങനെയുള്ള നഷ്ടപരിഹാരം നല്കാൻ വിധിക്കേണ്ടതാകുന്നു.

(3) അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ, വിനിർദ്ദിഷ്ട നിർവ്വഹണം അനുവദിക്കേണ്ടതാണെന്നും, എന്നാൽ അത് ആ കേസിൽ നീതി ചെയ്യാൻ മതിയായതല്ലെന്നും, കാൺട്രാക്ററിന്റെ ലംഘനത്തിന് വാദിക്ക് വല്ല നഷ്ടപരിഹാരം കൂടി ചെയ്യേണ്ടതാണെന്നും കോടതി തീരുമാനിക്കുന്നുവെങ്കിൽ, അതനുസരിച്ച് കോടതി അങ്ങനെയുള്ള നഷ്ടപരിഹാരം നല്കാൻ വിധിക്കേണ്ടതാകുന്നു.

(4) ഈ വകുപ്പിൻ കീഴിൽ നല്കാൻ വിധിച്ചിട്ടുള്ള ഏതെങ്കിലും നഷ്ടപരിഹാരത്തിന്റെ തുക നിശ്ചയിക്കുന്നതിൽ, കോടതി ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872-ലെ-9)-ലെ 73-ാം വകുപ്പിൽ വിനിർദേശിച്ചിട്ടുള്ള തത്ത്വങ്ങളാൽ നയിക്കപ്പെടേണ്ടതാകുന്നു

(5) വാദി തന്റെ അന്യായത്തിൽ അങ്ങനെയുള്ള നഷ്ടപരിഹാരത്തിന് അവകാശപ്പെട്ടിട്ടില്ലാത്തപക്ഷം, ഈ വകുപ്പിൻ കീഴിൽ യാതൊരു നഷ്ടപരിഹാരവും നല്കാൻ വിധിച്ചുകൂടാ:

എന്നാൽ വാദി അന്യായത്തിൽ അങ്ങനെയുള്ള ഏതെങ്കിലും നഷ്ടപരിഹാരം അവകാശപ്പെട്ടിട്ടില്ലാത്തിടത്ത്, കോടതി അങ്ങനെയുള്ള നഷ്ടപരിഹാരത്തിനുള്ള അവകാശവാദം ഉൾപ്പെടുത്തുന്നതിനുവേണ്ടി അന്യായം ഭേദഗതി ചെയ്യാൻ അയാളെ ന്യായമായ നിബന്ധനകളിൻമേൽ, നടപടിയുടെ ഏതൊരു ഘട്ടത്തിലും, അനുവദിക്കേണ്ടതാകുന്നു.

വിശദീകരണം.—കാൺട്രാക്ററ് വിനിർദ്ദിഷ്ടമായ നിർവ്വഹണത്തിന് കഴിയാത്തതായിത്തീർന്നിട്ടുണ്ടെന്ന സംഗതി ഈ വകുപ്പു നല്കുന്ന അധികാരിത പ്രയോഗിക്കുന്നതിൽ നിന്ന് കോടതിയെ തടയുന്നതല്ല..

22 കൈവശത്തിനും, ഭാഗത്തിനും, നിരതദ്രവ്യം മടക്കി കിട്ടുന്നതിനും മററുമുള്ള നിവൃത്തികൾ അനുവദിക്കുന്നതിനുള്ള അധികാരം.—(1) സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ-5)—ൽ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, സ്ഥാവരവസ്തു കൈമാററം ചെയ്യുന്നതിനുള്ള ഒരു കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിന് വ്യവഹാരപ്പെടുന്ന ഏതൊരാൾക്കും തക്ക സംഗതിയിൽ—

(ക) അങ്ങനെയുള്ള നിർവ്വഹണത്തിനു പുറമെ വസ്തുവിന്റെ കൈവശത്തിനും, അല്ലെങ്കിൽ ഭാഗത്തിനും പ്രത്യേക കൈവശത്തിനും, അല്ലെങ്കിൽ—

(ഖ) വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള തന്റെ അവകാശവാദം നിരസിക്കപ്പെടുന്ന സംഗതിയിൽ താൻ കൊടുത്തിട്ടുള്ളതോ കെട്ടിവച്ചിട്ടുള്ളതോ ആയ ഏതെങ്കിലും നിരതദ്രവ്യമോ ഡെപ്പോസിറ്റോ മടക്കിക്കിട്ടുന്നതുൾപ്പെടെ തനിക്ക് അവകാശപ്പെട്ട മറ്റേതെങ്കിലും നിവൃത്തിക്കും അപേക്ഷിക്കാവുന്നതാണ്.

(2) കോടതി (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിനോ (ഖ) ഖണ്ഡത്തിനോ കീഴിലുള്ള യാതൊരു നിവൃത്തിയും, അതു പ്രത്യേകമായി അവകാശപ്പെട്ടിട്ടില്ലാത്ത പക്ഷം, അനുവദിക്കാൻ പാടുള്ളതല്ല:

എന്നാൽ വാദി അന്യായത്തിൽ അങ്ങനെയുള്ള ഏതെങ്കിലും നിവൃത്തി അവകാശപ്പെട്ടിട്ടില്ലാത്തിടത്ത്, കോടതി അങ്ങനെയുള്ള നിവൃത്തിക്കുള്ള അവകാശവാദം ഉൾപ്പെടുത്തുന്നതിനുവേണ്ടി അന്യായം ഭേദഗതി ചെയ്യാൻ അയാളെ ന്യായമായ നിബന്ധനകളിൻമേൽ, നടപടിയുടെ ഏതു ഘട്ടത്തിലും, അനുവദിക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻ കീഴിൽ നിവൃത്തി അനുവദിക്കുന്നതിന് കോടതിയ്ക്കുള്ള അധികാരം 21-ാം വകുപ്പിൻ കീഴിൽ നഷ്ടപരിഹാരം നല്കാൻ വിധിക്കുന്നതിന് കോടതിയ്ക്കുള്ള അധികാരങ്ങൾക്ക് ഭംഗം വരുത്താത്ത വിധത്തിലുള്ളതാകുന്നു.

23. <u>നഷ്ടത്തുക ക്ലിപ്തപ്പെടുത്തുന്നത് വിനിർദ്ദിഷ്ട നിർവ്വഹണത്തിന് തടസ്സമല്ലെന്ന്.</u>—(1) ഏതു കാൺട്രാക്ററാണോ വിനിർദ്ദിഷ്ടമായ വിധം പ്രാവർത്തികമാക്കുന്നത് മററു വിധത്തിൽ ശരിയായിട്ടുള്ളത്, അങ്ങനെയുള്ള ഒരു കാൺട്രാക്ററ്, അതു ലംഘിച്ചാൽ കൊടുക്കാനുള്ള തുകയായി ഒരു സംഖ്യ അതിൽ എടുത്തുപറഞ്ഞിരിക്കുകയും, വീഴ്ചവരുത്തുന്ന കക്ഷി, അതു കൊടുക്കാൻ ഒരുക്കമായിരിക്കുകയും ചെയ്യുന്നുവെങ്കിൽകൂടി കാൺട്രാക്ററിന്റെ നിബന്ധനകളും അതോടു ചേർന്ന മററു പരിതഃസ്ഥിതികളും പരിഗണിച്ച് ആ സംഖ്യ എടുത്തു പറഞ്ഞിട്ടുള്ളത്, കാൺട്രാക്ററിന്റെ നിർവ്വഹണം ഉറപ്പു വരുത്തുന്നതിന് മാത്രമാണെന്നും, അല്ലാതെ വിനിർദ്ദിഷ്ട നിർവ്വഹണത്തിനു പകരം പണം കൊടുക്കുന്നതിന് വീഴ്ച വരുത്തുന്ന കക്ഷിക്ക്, ഒരു ഐച്ഛികാവകാശം നല്കുന്നതിനുവേണ്ടിയല്ലെന്നും കോടതിക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അങ്ങനെ പ്രാവർത്തികമാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻ കീഴിൽ, കാൺട്രാക്ററ് വിനിർദ്ദിഷ്ടമായ വിധം നിർവ്വഹിപ്പിക്കുമ്പോൾ, അതിൽ അപ്രകാരം എടുത്തു പറഞ്ഞിട്ടുള്ള തുക കൊടുക്കാൻ കൂടി കോടതി വിധിക്കാൻ പാടുള്ളതല്ല.

24. <u>വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വ്യവഹാരം തള്ളിക്കളഞ്ഞതിനുശേഷം. ലംഘനത്തിനുള്ള നഷ്ടപരിഹാരത്തിനു വ്യവഹാരതടസ്സം.</u>—ഒരു കാൺട്രാക്ററിന്റേയോ അതിന്റെ ഭാഗത്തിന്റേയോ വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള ഒരു വ്യവഹാരം തള്ളിക്കളയുന്നത്, അതതു സംഗതിപോലെ, അങ്ങനെയുള്ള കാൺട്രാക്ററിന്റേയോ അതിന്റെ ഭാഗത്തിന്റേയോ ലംഘനത്തിനുള്ള നഷ്ടപരിഹാരത്തിന് വ്യവഹാരപ്പെടാനുള്ള വാദിയുടെ അവകാശത്തിന് തടസ്സമാകുന്നതും; എന്നാൽ

അങ്ങനെയുള്ള ലംഘനം കാരണമായി അയാൾക്ക് അവകാശമുണ്ടായേക്കാവുന്ന മറേറതെങ്കിലും നിവൃത്തിക്ക് വ്യവഹാരപ്പെടുന്നതിനുള്ള അയാളുടെ അവകാശത്തിന് തടസ്സമാകുന്നതല്ലാത്തതും ആകുന്നു.

## അവാർഡുകളും ധനനിശ്ചയങ്ങൾ നടപ്പാക്കുന്നതിനുള്ള നിദേശങ്ങളും പ്രാവർത്തികമാക്കൽ

25. മുൻ വകുപ്പുകൾ ചില അവാർഡുകൾക്കും ധനനിശ്ചയങ്ങൾ നടപ്പാക്കാനുള്ള മരണപത്ര നിദേശങ്ങൾക്കും ബാധകമാകുന്നത്.— കാൺട്രാക്ററുകൾ സംബന്ധിച്ച ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ, മാദ്ധ്യസ്ഥ ആക്ററ്, 1940 (1940-ലെ 10) ബാധകമാകാത്ത അവാർഡുകൾക്കും ഒരു പ്രത്യേക ധനനിശ്ചയം നടപ്പാക്കുന്നതിനുള്ളതും ഒരു മരണപത്രത്തിലോ കോഡിസിലിലോ ഉള്ളതും ആയ നിദേശങ്ങൾക്കും ബാധകമാകുന്നതാണ്.

## അദ്ധ്യായം III
## പ്രമാണങ്ങളുടെ തിരുത്തൽ

26. പ്രമാണം എപ്പോൾ തിരുത്താമെന്ന്.—(1) വഞ്ചനയോ കക്ഷികളുടെ പരസ്പരമുള്ള തെറേറാ വഴിയായി രേഖാമൂലമുള്ള (കമ്പനികൾ ആക്ററ്, 1956 (1956-ലെ 1) ബാധകമാകുന്ന ഒരു കമ്പനിയുടെ സംഘനിയമാവലി അല്ലാത്ത) കാൺട്രാക്ററോ മററ് പ്രമാണമോ അവയുടെ യഥാർത്ഥ ഉദ്ദേശ്യം പ്രകടമാക്കാതിരിക്കുന്ന സംഗതിയിൽ—

(ക) ഇരു കക്ഷികളിൽ ആർക്കെങ്കിലുമോ, അയാളുടെ അവകാശ പ്രതിനിധിക്കോ പ്രമാണം തിരുത്തിക്കിട്ടുന്നതിനുള്ള വ്യവഹാരം ബോധിപ്പിക്കാവുന്നതോ; അല്ലെങ്കിൽ

(ഖ) പ്രമാണത്തിൻകീഴിൽ ഉൽഭവിക്കുന്ന ഏതെങ്കിലും അവകാശം വിവാദ്യമായിരിക്കുന്ന ഏതെങ്കിലും വ്യവഹാരത്തിൽ വാദിക്ക് പ്രമാണം തിരുത്തണമെന്നു തൻെറ വാദത്തിൽ അവകാശപ്പെടാവുന്നതോ ; അല്ലെങ്കിൽ

(ഗ) (ഖ) എന്ന ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളതുപോലെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ, പ്രതിക്ക് തനിക്ക് ഉന്നയിക്കാവുന്ന മറേറതെങ്കിലും പ്രതിവാദത്തിനുപുറമേ, പ്രമാണത്തിൻെറ തിരുത്തലിനും ആവശ്യപ്പെടാവുന്നതോ ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു കാൺട്രാക്ററോ മററുപ്രമാണമോ തിരുത്താൻ അപേക്ഷിച്ചിട്ടുള്ള വ്യവഹാരത്തിൽ, പ്രമാണം വഞ്ചനയോ തെറേറാ വഴിയായി കക്ഷിയുടെ യഥാർത്ഥ ഉദ്ദേശ്യം പ്രകടമാക്കുന്നില്ലെന്ന് കോടതി കാണുന്നുവെങ്കിൽ, ആ ഉദ്ദേശ്യം പ്രകടമാക്കാൻവേണ്ടി, പ്രമാണം ഉത്തമവിശ്വാസപൂർവ്വം മൂല്യത്തിന് 3-ാം കക്ഷികൾ ആർജ്ജിച്ചിട്ടുള്ള അവകാശങ്ങൾക്ക് ഭംഗം വരാത്ത വിധം തിരുത്താൻ കഴിയുന്നിടത്തോളം അങ്ങനെ ചെയ്യണമെന്ന് കോടതിക്ക് സ്വവിവേകമുപയോഗിച്ച് നിദേശിക്കാവുന്നതാണ്.

(3) രേഖാമൂലമുള്ള ഒരു കാൺട്രാക്ററ് ആദ്യം തിരുത്തുകയും പിന്നീട് തിരുത്തലിന് അവകാശപ്പെടുന്ന കക്ഷി അയാളുടെ വാദത്തിൽ അങ്ങനെ അപേക്ഷിച്ചിരിക്കുകയും കോടതിക്ക് യുക്തമെന്നു തോന്നുകയും ചെയ്യുന്നുവെങ്കിൽ വിനിർദ്ദിഷ്ടമായ വിധം പ്രാവർത്തികമാക്കുകയും ചെയ്യാവുന്നതാണ്.

(4) ഒരു പ്രമാണം തിരുത്തുന്നതിനുള്ള യാതൊരു നിവൃത്തിയും, അതു പ്രത്യേകമായി അവകാശപ്പെട്ടിട്ടില്ലാത്തപക്ഷം ഏതെങ്കിലും കക്ഷിക്ക് ഈ വകുപ്പിൻ കീഴിൽ അനുവദിക്കാൻ പാടുള്ളതല്ല :

എന്നാൽ ഒരു കക്ഷി തന്റെ വാദത്തിൽ അങ്ങനെയുള്ള ഏതെങ്കിലും നിവൃത്തി അവകാശപ്പെട്ടിട്ടില്ലാത്തിടത്ത്, കോടതി അങ്ങനെയുള്ള അവകാശ വാദം ഉൾപ്പെടുത്തുന്നതിനുവേണ്ടി അയാളെ വാദം ഭേദഗതി ചെയ്യാൻ ന്യായമായ നിബന്ധനകളിൻമേൽ നടപടിയുടെ ഏതു ഘട്ടത്തിലും അനുവദിക്കേണ്ട താകുന്നു.

## അദ്ധ്യായം IV

## കാൺട്രാക്ററുകൾ റദ്ദാക്കൽ

27. റദ്ദാക്കൽ എപ്പോൾ വിധിക്കുകയോ നിരസിക്കുകയോ ചെയ്യാമെന്ന്.—(1) ഒരു കാൺട്രാക്ററിൽ അവകാശബന്ധമുള്ള ഏതെങ്കിലും ആൾക്ക്, അത് റദ്ദാക്കിക്കിട്ടാൻ വ്യവഹാരപ്പെടാവുന്നതും, കോടതിക്ക് അങ്ങനെയുള്ള റദ്ദാക്കൽ താഴെപറയുന്ന സംഗതികളിൽ ഏതിലെങ്കിലും വിധിക്കാവുന്നതും ആകുന്നു, അതായത്:—

(ക) കാൺട്രാക്ററ് വാദിയാൽ ശൂന്യമാക്കപ്പെടാവുന്നതോ അവസാനിപ്പിക്കപ്പെടാവുന്നതോ ആയിരിക്കുന്നിടത്ത് ;

(ഖ) കാൺട്രാക്ററ് പ്രത്യക്ഷത്തിൽ കാണാവുന്നതല്ലാത്ത കാരണങ്ങളാൽ നിയമവിരുദ്ധവും പ്രതി വാദിയേക്കാൾ കൂടുതൽ അപരാധിയും ആയിരിക്കുന്നിടത്ത്;

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കോടതിക്ക് താഴെപ്പറയുന്ന സംഗതികളിൽ കാൺട്രാക്ററിന്റെ റദ്ദാക്കൽ നിരസിക്കാവുന്നതാണ്—

(ക) വാദി പ്രകടമായോ വ്യംഗ്യമായോ കാൺട്രാക്ററ് ദൃഢീകരിച്ചിട്ടുള്ളിടത്ത് ; അല്ലെങ്കിൽ

(ഖ) കാൺട്രാക്ററ് ഉണ്ടാക്കിയതിനു ശേഷം (പ്രതിയുടെ തന്നെ ഏതെങ്കിലും കൃത്യത്താൽ അല്ലാതെ) പരിതഃസ്ഥിതികളിൽ സംഭവിച്ചിട്ടുള്ള മാററം കാരണം കാൺട്രാക്ററ് ഉണ്ടാക്കിയപ്പോൾ കക്ഷികൾ നിന്നിരുന്ന സ്ഥിതിയിൽ അവരെ ഗണ്യമായവിധം പുനഃസ്ഥാപിക്കാൻ കഴിയാത്തിടത്ത്; അല്ലെങ്കിൽ

(ഗ) കാൺട്രാക്ററ് നിലവിലുള്ള കാലത്ത് മൂന്നാം കക്ഷികൾ ഉത്തമവിശ്വാസപൂർവ്വം, നോട്ടീസ് കൂടാതെയും മൂല്യത്തിന് അവകാശങ്ങൾ ആർജിച്ചിട്ടുള്ളിടത്ത്; അല്ലെങ്കിൽ

(ഘ) കാൺട്രാക്ററിന്റെ ഒരുഭാഗംമാത്രം റദ്ദാക്കാൻ അപേക്ഷിച്ചിരിക്കുകയും, അങ്ങനെയുള്ളഭാഗം കാൺട്രാക്ററിന്റെ ശേഷിച്ച ഭാഗത്തിൽ നിന്ന് വേർപെടുത്താവുന്നതല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്.

വിശദീകരണം.—വസ്തു കൈമാററ ആക്ററ്, 1882 (882-ലെ 4) വ്യാപിക്കുന്നതല്ലാത്ത രാജ്യക്ഷേത്രങ്ങൾ സംബന്ധിച്ച് ഈ വകുപ്പിലെ "കാൺട്രാക്ററ്" എന്നതിന് രേഖാമൂലമുള്ള കാൺട്രാക്ററ് എന്നർത്ഥമാകുന്നു.

28. വിനിർദ്ദിഷ്ട നിർവ്വഹണം വിധിയ്ക്കപ്പെട്ടിട്ടുള്ളതും സ്ഥാവര വസ്തു വില്ക്കുന്നതിനോ പാട്ടത്തിനു (വാടകക്കു) കൊടുക്കുന്നതിനോ ഉള്ളതുമായ കാൺട്രാക്ററുകൾ ചില പരിതഃസ്ഥിതികളിൽ റദ്ദാക്കുന്നത്.—(1) ഏതെങ്കിലും വ്യവഹാരത്തിൽ സ്ഥാവരവസ്തു വില്ക്കുന്നതിനോ പാട്ടത്തിനു(വാടകക്കു) കൊടുക്കുന്നതിനോ ഉള്ള ഒരു കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിന് വിധിയായിരിക്കുകയും, ക്രേതാവോ പാട്ടത്തിന് (വാടകക്ക്) വാങ്ങുന്നയാളോ വിധി അനുവദിച്ചിട്ടുള്ള സമയത്തിനകത്തോ കോടതി അനുവദിച്ചേക്കാവുന്ന കൂടുതൽ സമയത്തിനകത്തോ, ക്രയസംഖ്യയോ കോടതി, അയാളോട് കൊടുക്കാൻ ഉത്തരവായിട്ടുള്ള മററു തുകയോ കൊടുക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, വില്പനക്കാരനു പാട്ടത്തിന് (വാടകക്ക്) കൊടുക്കുന്ന ആൾക്കോ വിധിയായിട്ടുള്ള അതേ വ്യവഹാരത്തിൽ കാൺട്രാക്ററു റദ്ദാക്കിക്കിട്ടുവാൻ അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള അപേക്ഷയിൻമേൽ കോടതിക്ക്, ഉത്തരവുവഴി, കേസിൽ നീതി ചെയ്യാൻ ആവശ്യമുള്ളതുപോലെ വീഴ്ചവരുത്തുന്ന കക്ഷിയെ സംബന്ധിച്ചിടത്തോളമോ മുഴുവനുമായോ കാൺട്രാക്ററ് റദ്ദാക്കാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു കാൺട്രാക്ററ് റദ്ദാക്കിയിട്ടുള്ളപ്പോൾ—

(ക) ക്രേതാവിനോ പാട്ട (വാടക)ക്കാരനോ കാൺട്രാക്ററിൻകീഴിൽ വസ്തു കൈവശം കിട്ടിയിട്ടുണ്ടെങ്കിൽ, അയാൾ വിക്രേതാവിനോ പാട്ട (വാടക) കർത്താവിനോ അങ്ങനെയുള്ള കൈവശം തിരിയെകൊടുക്കണമെന്ന് കോടതി നിദേശിക്കേണ്ടതും,

(ഖ) ക്രേതാവിനോ, പാട്ട(വാടക)ക്കാരനോ, അങ്ങനെ കൈവശം കിട്ടിയ തീയതി മുതൽ വിക്രേതാവിനോ പാട്ട (വാടക)കർത്താവിനോ കൈവശം തിരിയെകൊടുക്കുന്നതുവരെ വസ്തു സംബന്ധിച്ച് ഉളവായിട്ടുള്ള എല്ലാ പാട്ടവും (വാടകയും) ആദായവും വിക്രേതാവിനോ പാട്ട (വാടക)കർത്താവിനോ കൊടുക്കണമെന്നും, കേസിൽ നീതി ചെയ്യാൻ ആവശ്യമായാൽ കാൺട്രാക്ററ് സംബന്ധിച്ച് വാങ്ങുന്നവനോ, പാട്ട (വാടക)ക്കാരനോ, നിരതദ്രവ്യമായോ ഡെപ്പാസിററായോ കൊടുത്തിട്ടുള്ള ഏതെങ്കിലും തുക മടക്കികൊടുക്കണമെന്നും കോടതിക്ക് നിദേശിക്കാവുന്നതും,

ആകുന്നു.

(3) ക്രേതാവോ, പാട്ട(വാടക)ക്കാരനോ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സമയത്തിനകത്ത് വിധിക്ക്കീഴിൽ അയാൾ കൊടുക്കാനായി ഉത്തരവായിട്ടുള്ള ക്രയസംഖ്യയോ മററു തുകയോ കൊടുക്കുന്നുവെങ്കിൽ, കോടതിക്ക്, അതേ വ്യവഹാരത്തിൽ കൊടുക്കുന്ന അപേക്ഷയിൻമേൽ, തക്ക സംഗതികളിൽ താഴെപ്പറയുന്ന എല്ലാ നിവൃത്തികളുമോ അവയിൽ ഏതെങ്കിലുമോ ഉൾപ്പെടെ ക്രേതാവിനോ പാട്ട(വാടക)ക്കാരനോ അയാൾക്ക് അവകാശമുണ്ടായിരിക്കാവുന്ന മററു കൂടുതൽ നിവൃത്തികൾ നല്കാവുന്നതാണ്, അതായത്:—

(ക) വിക്രേതാവിനോ പാട്ട(വാടക)കർത്താവിനോ ശരിയായ ഒരു കൈമാററയാധാരമോ പാട്ട(വാടക)ച്ചീട്ടോ ഒപ്പിട്ടു പൂർത്തീകരിച്ചു കൊടുക്കൽ:

(ഖ) അങ്ങനെയുള്ള കൈമാററയാധാരമോ പാട്ട(വാടക)ച്ചീട്ടോ ഒപ്പിട്ടു പൂർത്തീകരിക്കുമ്പോൾ കൈവശം ഡെലിവർ ചെയ്യലോ ഭാഗിച്ചു വെവ്വേറെ കൈവശം കൊടുക്കലോ.

(4) ഈ വകുപ്പിൻകീഴിൽ അവകാശപ്പെടാവുന്ന ഏതെങ്കിലും നിവൃത്തി സംബന്ധിച്ച്, അതതുസംഗതിപോലെ, വിക്രേതാവിനോ ക്രേതാവിനോ പാട്ട (വാടക)കർത്താവിനോ പാട്ട(വാടക)ക്കാരനോ വേറെ വ്യവഹാരം കൊണ്ടുവരാവുന്നതല്ല.

(5) ഈ വകുപ്പിൻകീഴിലുള്ള ഏതു നടപടിയുടേയും ചെലവ് കോടതിക്ക് വിവേകം ഉപയോഗിച്ച് നിശ്ചയിക്കാവുന്നതാണ്.

29. വിനിർദ്ദിഷ്ട നിർവ്വഹണത്തിനുള്ള വ്യവഹാരത്തിൽ റദ്ദാക്കലിനുള്ളപക്ഷാന്തരപ്രാർത്ഥന.—രേഖാമൂലമുള്ള ഒരുകാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിന് വ്യവഹാരം ബോധിപ്പിക്കുന്ന വാദിക്ക്, കാൺട്രാക്ററ് വിനിർദ്ദിഷ്ടമായവിധം പ്രാവർത്തികമാക്കപ്പെടാൻ കഴിയുന്നതല്ലെങ്കിൽ അത് റദ്ദാക്കുകയും റദ്ദു ചെയ്യുവാനായി കോടതിക്ക് കൊടുക്കുകയും ചെയ്യണമെന്ന് പക്ഷാന്തരമായി പ്രാർത്ഥിക്കാവുന്നതും; കാൺട്രാക്ററ് വിനിർദ്ദിഷ്ടമായവിധം പ്രാവർത്തികമാക്കാൻ വിസമ്മതിക്കുന്നുവെങ്കിൽ അതനുസരിച്ച് കാൺട്രാക്ററ് റദ്ദാക്കുകയും കൊടുക്കുകയും ചെയ്യുവാൻ കോടതിക്ക് നിദേശിക്കാവുന്നതും ആണ്.

30. നീതി ചെയ്യാൻ റദ്ദാക്കുന്ന കക്ഷികളോട് കോടതിക്ക് ആവശ്യപ്പെടാമെന്ന്.—കാൺട്രാക്ററ് റദ്ദാക്കിയതായി വിധിക്കുമ്പോൾ കോടതിക്ക്, അങ്ങനെയുള്ള നിവൃത്തി അനുവദിക്കപ്പെട്ടിട്ടുള്ള കക്ഷിയോട്, അയാൾ മറേറ കക്ഷിയിൽ നിന്ന് സ്വീകരിച്ചിരിക്കാവുന്ന ഏതെങ്കിലും ഗുണം കഴിയുന്നിടത്തോളം തിരിയെ കൊടുക്കുവാനും നീതിക്ക് ആവശ്യമായ ഏതെങ്കിലും നഷ്ടപരിഹാരം അയാൾക്ക് കൊടുക്കുവാനും കോടതിക്ക് ആവശ്യപ്പെടാവുന്നതാണ്.

## അദ്ധ്യായം V

## പ്രമാണങ്ങൾ റദ്ദ്ചെയ്യൽ

31. റദ്ദ് ചെയ്യുവാൻ എപ്പോൾ ഉത്തരവാകാമെന്ന്.—(1) ആർക്കെതിരായാണോ രേഖാമൂലമുള്ള ഒരു പ്രമാണം ശൂന്യമോ ശൂന്യമാക്കാവുന്നതോ ആയിരിക്കുകയും അങ്ങനെയുള്ളപ്രമാണം നിലവിലിരിക്കാൻ അനുവദിക്കുകയാണെങ്കിൽ തനിക്ക് ഗുരുവായ ക്ഷതി ഉണ്ടാക്കുമെന്ന് ന്യായമായ ആശങ്കഅയാൾക്ക് ഉണ്ടായിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള ആൾക്ക് അത് ശൂന്യമാണെന്നോ ശൂന്യമാക്കാവുന്നതാണെന്നോ വിധിച്ച് കിട്ടാൻ വ്യവഹാരപ്പെടാവുന്നതും, കോടതിക്ക് സ്വവിവേകമുപയോഗിച്ച് അങ്ങനെ വിധിക്കാവുന്നതും അത് കോടതിയിൽ ഹാജരാക്കപ്പെടുകയും റദ്ദ്ചെയ്യപ്പെടുകയും ചെയ്യണമെന്ന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആണ്.

(2) പ്രമാണം ഇൻഡ്യൻരജിസ്ട്രേഷൻആക്ററ്; 1908 (1908-ലെ 16)-ൻ കീഴിൽ രജിസ്ററർചെയ്തിട്ടുള്ളതാണെങ്കിൽ, അതു അങ്ങനെരജിസ്ററർ ചെയ്തിട്ടുള്ള ആഫീസിലെ ആഫീസർക്ക്, കോടതി അതിന്റെ വിധിയുടെ ഒരു പകർപ്പു അയക്കേണ്ടതുമാകുന്നു. അങ്ങനെയുള്ള ആഫീസർ, തന്റെ ബുക്കുകളിൽ അടങ്ങിയിട്ടുള്ള പ്രമാണപ്പകർപ്പിൻമേൽ അതു റദ്ദാക്കിയ വസ്തുത കുറിക്കേണ്ടതും ആകുന്നു.

32. ഏതു പ്രമാണങ്ങൾ ഭാഗികമായി റദ്ദ് ചെയ്യാമെന്ന്,—ഒരു പ്രമാണം വ്യത്യസ്ത അവകാശങ്ങളുടേയോ വ്യത്യസ്ത കടപ്പാടുകളുടേയോ തെളിവായിരിക്കുന്നിടത്ത്, കോടതിക്ക്, തക്ക സംഗതിയിൽ, അതു ഭാഗികമായി റദ്ദ് ചെയ്യുകയും അവശേഷിക്കുന്ന ഭാഗം നിലനില്ക്കാൻ അനുവദിക്കുകയും ചെയ്യാവുന്നതാണ്.

33. പ്രമാണം റദ്ദ് ചെയ്യപ്പെടുകയോ ശൂന്യമോ ശൂന്യമാക്കാവുന്നതോ ആണെന്ന നിലയിൽ വിജയകരമായി എതിർക്കപ്പെടുകയോ ചെയ്യുമ്പോൾ ഗുണം തിരിയെ കൊടുക്കുവാനോ നഷ്ടപരിഹാരം കൊടുക്കുവാനോ ആവശ്യപ്പെടാനുള്ള അധികാരം.—(1) പ്രമാണം റദ്ദ് ചെയ്തതായി വിധിക്കുമ്പോൾ, കോടതിക്ക്, അങ്ങനെയുള്ള നിവൃത്തി അനുവദിക്കപ്പെട്ടിട്ടുള്ള കക്ഷിയോട്, അയാൾ മറേറ കക്ഷിയിൽ നിന്ന് സ്വീകരിച്ചിരിക്കാവുന്ന ഏതെങ്കിലും ഗുണം കഴിയുന്നിടത്തോളം തിരിയെ കൊടുക്കുവാനും, നീതിക്ക് ആവശ്യകമായ ഏതെങ്കിലും നഷ്ടപരിഹാരം അയാൾക്കു കൊടുക്കുവാനും ആവശ്യപ്പെടാവുന്നതാണ്.

(2) പ്രതി ഏതെങ്കിലും വ്യവഹാരം—

(ക) വ്യവഹാരത്തിൽ തനിക്കെതിരായി പ്രാവർത്തികമാക്കാൻ അപേക്ഷിച്ചിട്ടുള്ള പ്രമാണം ശൂന്യമാക്കാവുന്നതാണെന്ന കാരണത്തിൻമേൽ വിജയകരമായി എതിർക്കുമ്പോൾ, കോടതിക്ക് പ്രതി മറേറ കക്ഷിയിൽ നിന്ന് പ്രമാണത്തിൻകീഴിൽ ഏതെങ്കിലും ഗുണം സ്വീകരിച്ചിട്ടുണ്ടെങ്കിൽ, പ്രതി അതുകഴിവുള്ളിടത്തോളം മറേറ കക്ഷിക്ക് തിരിയെക്കൊടുക്കുവാനോ അല്ലെങ്കിൽ അതിന് നഷ്ടപരിഹാരം ചെയ്യുവാനോ ആവശ്യപ്പെടാവുന്നതും ;

(ഖ) വ്യവഹാരത്തിൽ തനിക്കെതിരായി പ്രാവർത്തികമാക്കാൻ അപേക്ഷിച്ചിട്ടുള്ള കരാർ, ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872 ലെ 9)-ലെ 11-ാം വകുപ്പിൻ കീഴിൽ തനിക്ക് കാൺട്രാക്ററ് ചെയ്യാൻ ക്ഷമതയില്ലായിരുന്നു എന്നതുകൊണ്ട്, ശൂന്യമാണെന്ന കാരണത്തിൻമേൽ വിജയകരമായി എതിർക്കുമ്പോൾ, കോടതിക്ക്, പ്രതി മറേറ കക്ഷിയിൽ നിന്ന് കരാറിൻ കീഴിൽ ഏതെങ്കിലും ഗുണം സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രതിയോട് അത് അയാളോ അയാളുടെ എസ്റേററോ അതുവഴി ഗുണം അനുഭവിച്ചിടത്തോളം മറേറ കക്ഷിക്ക് കഴിയുന്നത്ര തിരിയെ കൊടുക്കുവാൻ ആവശ്യപ്പെടാവുന്നതും, ആകുന്നു.

## അദ്ധ്യായം VI

## സ്ഥാപനാത്മക വിധികൾ

34. പദവിയുടേയോ അവകാശത്തിൻേറയോ സ്ഥാപനസംബന്ധിച്ചുള്ള കോടതിയുടെ വിവേകം.—ഏതെങ്കിലും നിയമസ്വഭാവത്തിനോ ഏതെങ്കിലും വസ്തു സംബന്ധിച്ച ഏതെങ്കിലും അവകാശത്തിനോ അവകാശമുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള സ്വഭാവത്തിനോ അവകാശത്തിനോ ഉള്ള തൻെറ ഉടമാവകാശം നിഷേധിക്കുകയോ നിഷേധിക്കുന്നതിൽ താത്പര്യമുണ്ടായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾക്കെതിരായി വ്യവഹാരം ബോധിപ്പിക്കാവുന്നതും, അതിൽ കോടതിക്ക്, സ്വവിവേകമുപയോഗിച്ച് അയാൾക്ക് അങ്ങനെ അവകാശമുണ്ടെന്ന് സ്ഥാപന ചെയ്യാവുന്നതും അങ്ങനെയുള്ള വ്യവഹാരത്തിൽ വാദി ഏതെങ്കിലും കൂടുതൽ നിവൃത്തിക്ക് ആവശ്യപ്പെടേണ്ടതില്ലാത്തതും ആകുന്നു:

എന്നാൽ, വാദിക്ക് വെറും ഉടമാവകാശത്തിൻെറ സ്ഥാപനയ്ക്ക്പുറമേ കൂടുതൽ നിവൃത്തിക്ക് അപേക്ഷിക്കാൻ കഴിയുമായിരിക്കേ, അയാൾ അപ്രകാരം ചെയ്യാതിരിക്കുന്നിടത്ത്, യാതൊരു കോടതിയും, അങ്ങനെയുള്ള ഏതെങ്കിലും സ്ഥാപന ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—വസ്തുവിൻെറ ഒരു ട്രസ്ററി ആർക്കാണോ അസ്തിത്വ മില്ലാതിരിക്കയും, അസ്തിത്വമുണ്ടെങ്കിൽ താൻ അയാളുടെ ട്രസ്ററി ആകുമായി രിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള ഒരാളുടെ ഉടമാവകാശത്തിന് എതിരാ യുള്ള ഒരുടമാവകാശം "നിഷേധിക്കുന്നതിൽ താൽപര്യമുള്ള ആൾ" ആകുന്നു.

35. സ്ഥാപനയുടെ പ്രഭാവം.—ഈ അദ്ധ്യായത്തിൻ കീഴിൽ പുറപ്പെടു വിക്കുന്ന ഒരു സ്ഥാപന വ്യവഹാരത്തിലെ കക്ഷികളേയും, യഥാക്രമം അവരി ലൂടെ അവകാശപ്പെടുന്ന ആളുകളേയും, കക്ഷികളിൽ ആരെങ്കിലും ട്രസ്ററി കളായിരിക്കുന്നിടത്ത്, ആ കക്ഷികൾ ആർക്കുവേണ്ടിയാണോ അവർക്ക് സ്ഥാപനത്തീയതി അസ്തിത്വമുണ്ടായിരുന്നുവെങ്കിൽ ട്രസ്ററികളാകുമായി രുന്നത്, അവരേയും മാത്രം ബന്ധിക്കുന്നതാകുന്നു.

## ഭാഗം III
## നിവാരക നിവൃത്തി

### അദ്ധ്യായം VII
### ഇൻജങ്ഷൻ സാമാന്യമായി

36. നിവാരക നിവൃത്തി നല്കുന്നത് എങ്ങനെയെന്ന്.—നിവാരക നിവൃത്തി കോടതിയുടെ വിവേകം ഉപയോഗിച്ച് താൽക്കാലികമോ ശാശ്വതമോ ആയ ഇൻജങ്ഷൻ വഴി നല്കപ്പെടുന്നു.

37. താൽക്കാലികവും ശാശ്വതവുമായ ഇൻജങ്ഷനുകൾ.—(1) താൽക്കാ ലിക ഇൻജങ്ഷനുകൾ വിനിർദ്ദിഷ്ടമായ ഒരു സമയംവരേയോ അല്ലെങ്കിൽ കോടതിയുടെ കൂടുതലായുള്ള ഉത്തരവുവരേയോ തുടരേണ്ടതായിട്ടുള്ളതും, അവ വ്യവഹാരത്തിൻെറ ഏതു ഘട്ടത്തിലും നല്കപ്പെടാവുന്നതും, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) നാൽ ക്രമപ്പെടുത്തപ്പെട്ടിരിക്കുന്നതും ആകുന്നു.

(2) ഒരു ശാശ്വത ഇൻജങ്ഷൻ, ഹിയറിങ്ങിൽ വ്യവഹാരത്തിൻെറ ഗുണാ ഗുണത്തിൻമേൽ ഉണ്ടാകുന്ന വിധിയാൽ മാത്രം നല്കപ്പെടാവുന്നതാണ്; അതു വഴി വാദിയുടെ അവകാശങ്ങൾക്കു വിപരീതമായിത്തീരുന്ന ഒരു അവകാശം സ്ഥാപിക്കുന്നതിൽനിന്നോ കൃത്യം ചെയ്യുന്നതിൽനിന്നോ പ്രതി ശാശ്വതമായി നിരോധിക്കപ്പെടുന്നു.

### അദ്ധ്യായം VIII
### ശാശ്വത ഇൻജങ്ഷൻ

38. ശാശ്വത ഇൻജങ്ഷൻ എപ്പോൾ നല്കാമെന്ന്.—(1) ഈ അദ്ധ്യായ ത്തിൽ അടങ്ങിയിട്ടുള്ളതോ പരാമർശിക്കപ്പെട്ടിട്ടുള്ളതോ ആയ മററ് വ്യവസ്ഥ കൾക്ക് വിധേയമായി,

വാദിക്ക്, തന്നോട് പ്രകടമായോ വ്യംഗ്യമായോ ഉള്ള ഒരു കടപ്പാടിന്റെ ലംഘനം തടയുന്നതിനായി ഒരു ശാശ്വതഇൻജങ്ഷൻ നല്കപ്പെടാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും കടപ്പാട് കാൺട്രാക്ററിൽനിന്ന് ഉൽഭവിക്കുമ്പോൾ, കോടതി രണ്ടാം അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള ചട്ടങ്ങളാലും വ്യവസ്ഥകളാലും നയിക്കപ്പെടുന്നതാകുന്നു.

(3) വാദിക്ക് വസ്തുവിലുള്ള അവകാശത്തേയോ വാദിയുടെ അതിന്റെ അനുഭവത്തേയോ പ്രതി അതിലംഘിക്കുകയോ അതിലംഘിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുമ്പോൾ, കോടതിക്ക് താഴെപ്പറയുന്ന സംഗതികളിൽ ശാശ്വത ഇൻജങ്ഷൻ നല്കാവുന്നതാണ്, അതായത്:—

(ക) പ്രതി, വാദിക്കുവേണ്ടി വസ്തുവിന്റെ ട്രസ്ററിയായിരിക്കുന്നിടത്ത്;

(ഖ) അതിലംഘനത്താൽ ഉണ്ടായതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ യഥാർത്ഥ നാശനഷ്ടം തിട്ടപ്പെടുത്തുവാൻ യാതൊരു മാനദണ്ഡവും ഇല്ലാത്തിടത്ത്;

(ഗ) അതിലംഘനം, അതിൽ പണമായിട്ടുള്ള നഷ്ടപരിഹാരം പര്യാപ്തമായ നിവൃത്തി ആകാത്തവിധത്തിൽ ഉള്ളതാകുന്നിടത്ത്;

(ഘ) നീതിന്യായ നടപടികളുടെ ബാഹുല്യത്തെ തടയാൻ ഇൻജങ്ഷൻ ആവശ്യമായിരിക്കുന്നിടത്ത്.

39. ആജ്ഞാപക ഇൻജങ്ഷൻ.—ഒരു കടപ്പാടിന്റെ ലംഘനം തടയുന്നതിന് കോടതിക്ക് നിർവ്വഹിപ്പിക്കാൻ കഴിയുന്ന ചില കൃത്യങ്ങളുടെ നിർവ്വഹണത്തിന് നിർബന്ധിക്കുന്നത് ആവശ്യമായിരിക്കുമ്പോൾ, കോടതിക്ക് സ്വവിവേകമുപയോഗിച്ച്, പരാതിപ്പെട്ട ലംഘനം തടയുന്നതിന് ഒരു ഇൻജങ്ഷൻ നല്കുകയും ആവശ്യകമായ കൃത്യങ്ങളുടെ നിർവ്വഹണത്തിന് നിർബന്ധിക്കുകയുംകൂടി ചെയ്യാവുന്നതാണ്.

40. ഇൻജങ്ഷന്പകരമോ, പുറമേയോ ഉള്ള നഷ്ടപരിഹാരം.—(1) 38-ാം വകുപ്പിൻ കീഴിലുള്ള ശാശ്വത ഇൻജങ്ഷനോ 39-ാം വകുപ്പിൻകീഴിലുള്ള ആജ്ഞാപക ഇൻജങ്ഷനോ ഉള്ള വ്യവഹാരത്തിലെ വാദിക്ക്, അങ്ങനെയുള്ള ഇൻജങ്ഷന്പുറമേയോ പകരമായോ നഷ്ടപരിഹാരം അവകാശപ്പെടാവുന്നതും കോടതിക്ക് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള നഷ്ടപരിഹാരം നല്കാൻ വിധിക്കാവുന്നതും ആണ്.

(2) നഷ്ടപരിഹാരത്തിനുള്ള യാതൊരു നിവൃത്തിയും, അങ്ങനെയുള്ള നിവൃത്തി വാദി തന്റെ അന്യായത്തിൽ അവകാശപ്പെട്ടിട്ടില്ലാത്തപക്ഷം, ഈ വകുപ്പിൻ കീഴിൽ നല്കാവുന്നതല്ല:

എന്നാൽ അങ്ങനെയുള്ള യാതൊരു നഷ്ടപരിഹാരവും, അന്യായത്തിൽ അവകാശപ്പെട്ടിട്ടില്ലാത്തിടത്ത് കോടതി അങ്ങനെയുള്ളഅവകാശം ഉൾപ്പെടുത്തുന്നതിനുവേണ്ടി വാദിയെ അന്യായം ഭേദഗതി ചെയ്യാൻ, ന്യായമായ നിബന്ധനകളിൻമേൽ, നടപടിയുടെ ഏതു ഘട്ടത്തിലും അനുവദിക്കേണ്ടതാകുന്നു.

(3) വാദിയോടുള്ള ഒരു കടപ്പാടിന്റെ ലംഘനം തടയുവാനുള്ള ഒരു വ്യവഹാരം തള്ളിക്കളയുന്നത് അങ്ങനെയുള്ള ലംഘനത്തിന്റെ നഷ്ടപരിഹാരത്തിന് വ്യവഹാരപ്പെടാനുള്ള അയാളുടെ അവകാശത്തിന് തടസ്സമാകുന്നു.

41. ഇൻജങ്ഷൻ എപ്പോൾ നിരസിക്കപ്പെടുന്നുവെന്ന്.—താഴെപ്പറയുന്ന സംഗതികളിൽ ഇൻജങ്ഷൻ നല്കാവുന്നതല്ല.—

(ക) ഇൻജങ്ഷന് അപേക്ഷിച്ചിട്ടുള്ള വ്യവഹാരം ബോധിപ്പിക്കുന്ന സമയത്ത്, നിലവിലുള്ള ഒരു നീതിന്യായ നടപടി നടത്തുന്നതിൽനിന്ന് ഏതെങ്കിലും ആളെ തടയുന്നത്, നീതിന്യായ നടപടികളുടെ ബാഹുല്യത്തിന്റെ നിവാരണത്തിന് ആവശ്യമല്ലാത്തപക്ഷം, അങ്ങനെ തടയുന്നതിന്;

(ഖ) ഇൻജങ്ഷന് അപേക്ഷിച്ചിട്ടുള്ള കോടതിക്ക് കീഴിലുള്ളതല്ലാത്ത ഒരു കോടതിയിൽ ഏതെങ്കിലും നടപടി ബോധിപ്പിക്കുകയോ നടത്തുകയോ ചെയ്യുന്നതിൽനിന്ന് ഏതെങ്കിലും ആളെ തടയുന്നതിന്;

(ഗ) ഏതെങ്കിലും നിയമനിർമ്മാണ നികായത്തോട് അപേക്ഷിക്കുന്നതിൽനിന്ന് ഏതെങ്കിലും ആളെ തടയുന്നതിന്;

(ഘ) ഒരു ക്രിമിനൽ കാര്യത്തിൽ ഏതെങ്കിലും നടപടി ബോധിപ്പിക്കുകയോ നടത്തുകയോ ചെയ്യുന്നതിൽനിന്ന് ഏതെങ്കിലും ആളെ തടയുന്നതിന്,

(ങ) വിനിർദ്ദിഷ്ടമായവിധം നിർവ്വഹിക്കപ്പെടുന്നതല്ലാത്ത ഒരു കാൺട്രാക്ററിന്റെ ലംഘനം നിവാരണം ചെയ്യുന്നതിന്;

(ച) ഒരു ശല്യമായിത്തീരുന്നതാണെന്ന് ന്യായമായവിധം സ്പഷ്ടമല്ലാത്ത ഒരു കൃത്യം ശല്യമാണെന്ന കാരണത്തിൻമേൽ നിവാരണം ചെയ്യുന്നതിന്;

(ഛ) വാദിയുടെ സമ്മതം ഉണ്ടായിരുന്നിട്ടുള്ള തുടരുന്ന ഒരു ലംഘനം നിവാരണം ചെയ്യുന്നതിന്;

(ജ) ട്രസ്ററ് ലംഘനത്തിന്റെ സംഗതിയിലൊഴികെ, മറേറതെങ്കിലും പതിവ് സമ്പ്രദായത്തിലുള്ള നടപടിവഴി തുല്യനിലയിൽ ഫലപ്രദമായ നിവൃത്തി നിശ്ചയമായും കിട്ടാമെന്നുള്ളപ്പോൾ;

(ഝ) വാദിയുടേയോ അയാളുടെ ഏജൻറുമാരുടേയോ പെരുമാററം അയാൾക്ക് കോടതിയുടെ സഹായത്തിന് അവകാശമില്ലാതാക്കത്തക്ക വിധത്തിലുള്ളതായിരുന്നിട്ടുള്ളപ്പോൾ;

(ഞ) വാദിക്ക് ആ കാര്യത്തിൽ വ്യക്തിപരമായ യാതൊരു അവകാശബന്ധവുമില്ലാത്തപ്പോൾ.

42. നിഷേധാത്മകമായ കരാർ നിർവ്വഹിക്കുന്നതിനുള്ള ഇൻജങ്ഷൻ.—41-ാം വകുപ്പിലെ (ങ) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കാൺട്രാക്ററ് ഒരു കൃത്യം ചെയ്യാതിരിക്കുന്നതിനുള്ള പ്രകടമോ വ്യംഗ്യമോ ആയ ഒരു നിഷേധാത്മക കരാറോടു ചേർന്നതും ഒരു കൃത്യം ചെയ്യുവാനുള്ളതും ആയ ഒരു സ്വീകാരാത്മക കരാർ അടങ്ങിയതാകുന്നിടത്ത്, സ്വീകാരാത്മക കരാർ നിർവ്വഹിപ്പിക്കാൻ കോടതിക്ക് കഴിയുകയില്ലെന്നുള്ള സംഗതി, നിഷേധാത്മകകരാർ നിർവ്വഹിക്കുന്നതിനുള്ള ഒരു ഇൻജങ്ഷൻ നല്കുന്നതിൽനിന്ന് കോടതിയെ തടയുന്നതല്ല:

എന്നാൽ അതിന് വാദി കാൺട്രാക്ററ് തന്നെ ബന്ധിക്കുന്നിടത്തോളം, നിർവ്വഹിക്കാതിരുന്നിട്ടുണ്ടാകരുത്.

43. 1940-ലെ 10-ാംനമ്പർ ആക്ററിനുള്ള ഭേദഗതി.— മാദ്ധ്യസ്ഥ ആക്ററ്, 1940 (1940-ലെ 10)-ലെ 32-ാം വകുപ്പിൽ "യാതൊരു മാദ്ധ്യസ്ഥ്യമോ, കരാറോ അവാർഡോ" എന്ന വാക്കുകൾക്കുശേഷം "നടപ്പാക്കുകയോ" എന്ന വാക്ക് ചേർക്കേണ്ടതാകുന്നു.

44. റദ്ദാക്കൽ.—പ്രത്യേക നിവൃത്തി ആക്ററ്, 1877 (1877-ലെ 1) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

---